# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## വള്ളികുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-**688001**

ഇ-മെയിൽ: **ddhglfalpy@gmail.com**

ഫോൺ : **0477-2252753**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 6 - 775/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/09/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വള്ളികുന്നം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ **2023-2024** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 6 - 775/2024 തീയ്യതി: 23/09/2024

# ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിജിലാൽ ബി. | ഡെപ്യൂട്ടി ഡയറക്ടർ | 17-07-2024 | 25-07-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-07-2024 | 25-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി മായാദേവി സി.എസ്., ഓഡിറ്റ് ഓഫീസർ

ശ്രീ.ഫമിൻ എസ്.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.മനേഷ്കുമാർ ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ഷിബു എ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിജി പ്രസാദ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ബിജു കെ. പി. | സെക്രട്ടറി | 01-04-2023 | 26-03-2024 |
| സജി കുമാർ കെ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജി കുമാർ കെ.എസ് | അസി. സെക്രട്ടറി | 01-04-2023 | 31-03-2024 |
| സനൂജ എച്ച്. | അസി.എൻജിനീയർ | 01-04-2023 | 13-11-2023 |
| അജിത് ബി. | അസി.എൻജിനീയർ | 14-11-2023 | 16-01-2024 |
| ആര്യ ശങ്കർ എം.എസ്. | അസി.എൻജിനീയർ | 17-01-2024 | 31-03-2024 |
| ശ്രീലേഖ വി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| രാധാകൃഷ്ണൻ | ഹെഡ് മാസ്റ്റർ | 01-04-2023 | 31-03-2024 |
| അബു രവീന്ദ്രൻ | വി.ഇ.ഒ 1 | 01-04-2023 | 31-03-2024 |
| ഹരിപ്രിയ റ്റി. | വി.ഇ.ഒ 2 | 01-04-2023 | 31-03-2024 |
| നിഖിൽ ആർ.പിള്ള | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.വേണുഗോപാൽ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| മെർലിൻ മാത്യു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ഡോ.നീലി നായർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 10-09-2023 |
| ഡോ.ജയകുമാർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 11-09-2023 | 31-03-2024 |
| ഡോ. ആനന്ദ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഡിമാന്റ്, കളക്ഷൻ പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ഡിപ്രീസിയേഷൻ കണക്കാക്കിയത് കൃത്യമായല്ല | 1-1-2 |
| 4 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | പ്രിയർ പീരീഡ് ഇനത്തിൽ ഉൾപ്പെടുത്തിയ വരവുകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല | 1-1-4 |
| 6 | വെള്ളക്കരം തെറ്റായി മുൻകൂർ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ കാലികമല്ല | 1-1-6 |
| 8 | വരവിനങ്ങളുടെ മുതൽ-പിരിവ്-ബാക്കി വിവരം രജിസ്റ്ററിലില്ല | 1-1-7 |
| 9 | വരവ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം (വാർഷിക കണക്ക് പ്രകാരം) | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി 2023-24 | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 18 | നികുതി പിരിവ് പൂർണ്ണമല്ല - ലക്ഷങ്ങൾ കുടിശ്ശിക | 1-10 |
| 19 | ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഏരിയയ്ക്ക് വസ്തുനികുതി ചുമത്തിയില്ല | 1-11 |
| 20 | തറനിർമ്മിതിക്കനുസൃതമായി അടിസ്ഥാനവസ്തുനികുതിയിൽ വർദ്ധനവ് ഉൾപ്പെടുത്തുന്നില്ല- വസ്തുനികുതി ഡിമാൻഡിൽ കുറവ് | 1-12 |
| 21 | വാണിജ്യ-വ്യവസായ സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല | 1-13 |
| 22 | നികുതി നിർണ്ണയം പൂർത്തിയാക്കിയിട്ട് കാലങ്ങളേറെയായിട്ടും നികുതി അടയ്ക്കാതെ തുടരുന്ന കെട്ടിടങ്ങൾ-അധികൃതരുടെ അടിയന്തിര നടപടി അനിവാര്യം | 1-14 |
| 23 | വള്ളികുന്നം ചിറ- ചെളിമണ്ണ് ലേലം – പഞ്ചായത്തിന് കോടികൾ ലഭിയ്ക്കാൻ ശേഷിയ്ക്കുന്നു | 1- 15 |
| 24 | മൺ ചട്ടി, കുറ്റിക്കുരുമുളക് തൈ വിതരണം - അപാകങ്ങൾ | 1-16 |
| 25 | മുൻകൂർ ക്രമീകരിച്ചിട്ടില്ല. നിക്ഷേപ പ്രവൃത്തികളിൽ 1.26 കോടി രൂപ ചെലവഴിക്കാതെ കിടക്കുന്നു | 1-17 |
| 26 | പ്ലാസ്റ്റിക് ബൈലിംഗ് മെഷീൻ - പ്രവർത്തിപ്പിക്കുന്നില്ല | 1-18 |

| | | |
|---|---|---|
| 27 | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നുകൾ ലഭ്യമായില്ല | 1-19 |
| 28 | വലിയകുളം പുനരുദ്ധാരണം ഒന്നാം ഘട്ടം - പെയിന്റിംഗ് ഇനത്തിൽ അധികം നൽകിയ 33,523 രൂപ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരികെ അടച്ചു- ഓഡിറ്റ് ഇംപാക്ട് | 1-20 |
| 29 | വലിയ കുളം പുനരുദ്ധാരണം ഒരേ കാലയളവിൽ രണ്ട് വ്യത്യസ്ത പ്രോജക്ടുകൾ നടപ്പാക്കി -നടപടി ക്രമങ്ങളിൽ അപാകത | 1-21 |
| 30 | ധന വിനിയോഗ വിവരങ്ങൾ, സാക്ഷ്യപത്രം ലഭ്യമല്ല | 1-22 |
| 31 | ലൈഫ് ഭവന നിർമ്മാണം യഥാസമയം പൂർത്തീകരിക്കുന്നില്ല- പദ്ധതിപ്പണം പാഴാകുന്നു | 1-23 |
| 32 | സർവെയലൻസ് ക്യാമറ വാങ്ങലിൽ സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള ക്വട്ടേഷൻ/ ടെൻഡർ നടപടി ക്രമങ്ങളിൽ വിഴ്ച വരുത്തി | 1-24 |
| 33 | പോത്ത് കുട്ടി വിതരണം- ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപമായി-ഗുണഭോക്താക്കൾക്ക് തിരികെ നൽകണം | 1-25 |
| 34 | സായംപ്രഭ ഹോം-സർക്കാർ അനുമതിയില്ലാതെ ഹെൽപ്പർ നിയമനം | 1-26 |
| 35 | മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കിയില്ല- ചെലവ് ശതമാനം 5.81 മാത്രം | 1-27 |
| 36 | ഹരിതകർമ്മസേന- അവലോകനം | 1-28 |
| 37 | പദ്ധതി തുക ചെലവഴിക്കുന്നതിൽ വൻ വീഴ്ച | 1-29 |
| | ഭാഗം **2** | |
| 1 | നികുതി നിർണ്ണയം പൂർത്തിയാക്കിയിട്ട് കാലങ്ങളേറെയായിട്ടും നികുതി അടയ്ക്കാതെ തുടരുന്ന കെട്ടിടങ്ങൾ-അധികൃതരുടെ അടിയന്തിര നടപടി അനിവാര്യം | 2-1 |
| | ഭാഗം **3** | |
| 1 | സർവെയലൻസ് ക്യാമറ വാങ്ങലിൽ സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള ക്വട്ടേഷൻ/ ടെൻഡർ നടപടി ക്രമങ്ങളിൽ വിഴ്ച വരുത്തി | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

**1-1-1 ഡിമാന്റ്, കളക്ഷൻ പൊരുത്തപ്പെടുന്നില്ല**

31.3.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം 431120102 ശീർഷകത്തിൽ ( പ്രൊഫഷണൽ ടാക്സ് (അരിയർ) ) 3,700 രൂപയാണ് ബാക്കിയുള്ളത്. എന്നാൽ 2023-24 ലെ റസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം 5,000 രൂപ ഈ ശീർഷകത്തിൽ വരവുണ്ട്. ഇത് പൊരുത്തപ്പെടുന്നില്ല. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 2/23-24 , 17.7.24) വ്യക്തമായ മറുപടിയും ലഭ്യമാക്കിയില്ല. )

**1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.**

I) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 20.05.2024-ലെ 1(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 20.05.2024-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്ററേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്ററേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം

സാക്ഷ്യപ്പെടുത്തുന്നു

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി വള്ളികുന്നം ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

**<u>1-1-2 ഡിപ്രീസിയേഷൻ കണക്കാക്കിയത് കൃത്യമായല്ല</u>**

എ) വാഹനത്തിന്റെ അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ (416100107 ശീർഷകത്തിൽ) 31.3.2024 ൽ 8,05,171 യാണ്. എന്നാൽ 415140001 ശീർഷകത്തിൽ വാഹനത്തിന്റെ ആകെ മൂല്യം 5,96,426 രൂപ മാത്രമാണ്. ആസ്തിമൂല്യത്തേക്കാൾ തേയ്മാനത്തിന്റെ മൂല്യം ഉയരുക സാദ്ധ്യമല്ല.

ബി) 31.3.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം റോഡ്സ് & ബ്രിഡ്ജസ് ന്റെ അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ (416100102 ശീർഷകത്തിൽ) 4,94,27,955 രൂപയാണ്. 31.3.2024 ബാലൻസ് ഷീറ്റ് പ്രകാരം ഇത് 47978437 രൂപയായി കുറഞ്ഞു, ഇതുപോലെ തന്നെ വാഹനത്തിന്റെ അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ (416100107 ശീർഷകത്തിൽ) 31.3.2023 ൽ 8,34,992 രൂപയായിരുന്നത് 31.3.2024 8,05,171 രൂപയായും കുറഞ്ഞു. അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ കുറയാനുള്ള സാഹചര്യം വ്യക്തമല്ല.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/23-24, 17.7.24) വ്യക്തമായ മറുപടിയും ലഭ്യമാക്കിയില്ല.)

**<u>1-1-3 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല</u>**

അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/23-24, 17.7.24) വ്യക്തമായ മറുപടിയും ലഭ്യമാക്കിയില്ല.

**<u>1-1-4 പ്രിയർ പീരീഡ് ഇനത്തിൽ ഉൾപ്പെടുത്തിയ വരവുകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല</u>**

ഇൻകം & എക്സ്പന്റീച്ചർ പത്രികയിൽ 190100101 ശീർഷകത്തിൽ പ്രോപ്പർട്ടി ടാക്സ് 1,92,628 രൂപയും 190200401 ശീർഷകത്തിൽ അദർ ഐറ്റം 21,76,145 രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സാധൂകരിക്കുന്നതിന് പര്യാപ്തമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇതുമൂലം പഞ്ചായത്ത് ഫണ്ട്, ആകെ ആസ്തി എന്നിവയുടേയും കൃത്യത ഉറപ്പിക്കാനാകുന്നില്ല.

**1-1-5 വെള്ളക്കരം തെറ്റായി മുൻകൂർ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു**

460500501 ശീർഷകത്തിൽ നിർവ്വഹണോദ്യോഗസ്ഥർക്കുള്ള മുൻകൂർ എന്ന നിലയിൽ വാർഷിക കണക്കിൽ ചേർത്തിരിക്കുന്ന 48,312 രൂപ 2015-16 മുതൽ 2020-21 വരെ വെള്ളക്കരം ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയതിലെ നീക്കിയിരുപ്പാണെന്ന് വ്യക്തമാകുന്നു. വെള്ളക്കരം തെറ്റായ ശീർഷകത്തിൽ മുൻകൂർ എന്ന നിലയിൽ ഒടുക്കിയതിന്റെ കാരണം വ്യക്തമല്ല. ഇത് മൂലം തെറ്റായി ആസ്തി വർദ്ധിച്ചിരിക്കുന്നു.

**1-1-6 ആസ്തി രജിസ്റ്റർ കാലികമല്ല**

പഞ്ചായത്തിന്റെ സ്ഥാവര ആസ്തികളുടെ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. രജിസ്റ്ററിലെ ആസ്തിമൂല്യം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുമില്ല. രജിസ്റ്റർ കാലികമല്ലാത്തതിനാൽ യഥാർത്ഥ ആസ്തിമൂല്യം തിട്ടപ്പെടുത്താനുമാകുന്നില്ല.

**1-1-7 വരവിനങ്ങളുടെ മുതൽ-പിരിവ്-ബാക്കി വിവരം രജിസ്റ്ററിലില്ല**

വിവധ വരവിനങ്ങളുടെ (ലേലം, വാടക, ഫീസ്, സ്ഥാപന തൊഴിൽ നികുതി) തൻവർഷത്തെ ആകെ വരവ്, ഡിമാന്റ്, പിരിച്ചെടുക്കാൻ ബാക്കിയുള്ള തുക എന്നിവ തിട്ടപ്പെടുത്തി (DCB)രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തൻമൂലം റസിപ്റ്റ് &പേയ്മെന്റ് പത്രികയിലെ പ്രസ്തുത ഇനങ്ങളിലെ ആകെ വരവ്, ബാലൻസ് ഷീറ്റിൽ റിസീവബിൾസ് എന്ന ആസ്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക എന്നിവയുടെ കൃത്യത ഉറപ്പിക്കാനാകുന്നില്ല.

**1-1-8 വരവ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി**

പഞ്ചായത്തിലെ മുൻ ജീവനക്കാരനായ ശ്രീ.ബാബു അധികം വാങ്ങിയ വേതനം റിട്ടയർമെന്റ് സമയത്ത് തിരികെ ഒടുക്കിയ 2,220 രൂപ (രസീത് നം.1230101529) ഓഡിറ്റ് റിക്കവറി എന്ന തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി.

**1-2 ബജറ്റ്**

2022 -23 വർഷത്തെ ബജറ്റ് 23.03.23 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 34,87,63,196 | 34,52,16,000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ) | 19,48,95,773 | 19,51,53,284 |

**1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരം)** .

| | |
|---|---|
| മുന്നിരിപ്പ് | 1,61,37,511 |
| വരവ് | 6,20,43,460 |
| ആകെ | 7,81,80,971 |
| ചെലവ് | 5,26,61,255 |
| നീക്കിയിരിപ്പ് | 2,55,19,716 |

**1-4 ഫണ്ട് വിനിയോഗം (വാർഷിക കണക്ക് പ്രകാരം)** .

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | | 0 | 2,09,00,320 | 2,09,00,320 | 1,65,94,958 | 43,05,362 |
| വികസന ഫണ്ട് എസ്.സി.പി. | | 0 | 1,00,49,106 | 1,00,49,106 | 66,96,666 | 33,52,440 |
| വികസന ഫണ്ട് ടി.എസ്. പി. | | - | - | - | - | - |
| സംരക്ഷണ ഗ്രാൻറ് റോഡ് | | 0 | 2,04,64,650 | 2,04,64,650 | 0 | 2,04,64,650 |
| സംരക്ഷണ ഗ്രാൻറ് നോൺ റോഡ് | | 0 | 34,17,400 | 34,17,400 | 33,69,219 | 48,181 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാൻറ് | | 45,69,600 | 69,19,500 | 1,14,89,100 | 45,17,486 | 69,71,614 |
| പെർഫോമൻസ് ഗ്രാൻറ് | | - | | | | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | | | 6,34,10,254 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3,429.5 | 12,19,939 | 12,23,368.5 | 12,22,014 | 1,354.5 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഐ.സി.ഡി.എസ്) | | 26,02,146 | 19,80,787 | 45,82,933 | 11,69,284 | 34,13,649 |
| സംയുക്ത പദ്ധതികൾ | ബ്ലോക്ക് പഞ്ചായത്ത് | NIL | 39,58,661 | 39,58,661 | 39,58,661 | 0 |
| | ജില്ലാ പഞ്ചായത്ത് | NIL | 37,75,410 | 37,75,410 | 37,75,410 | 0 |

## 1-5 പദ്ധതി അവലോകനം

2023-24 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിൻറെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് ശതമാനം |
|---|---|---|---|---|---|---|
| 189 | 2,08,759,922 | 94 | 6,39,85,024 | 32 | 63 | 49.74% |

## 1-6 തൊഴിലുറപ്പ് പദ്ധതി 2023-24

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3,429.5 | 12,19,939 | 12,23,368.5 | 12,22,014 | 1,354.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | | 6,34,10,254 | |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 7,200 | 6 |
| കർഷകതൊഴിലാളി പെൻഷൻ | 33,13,800 | 2345 |
| വിധവാ പെൻഷൻ | 1,39,81,400 | 11456 |
| വാർദ്ധക്യകാല പെൻഷൻ | 3,28,13,600 | 25968 |
| വികലാംഗ പെൻഷൻ | 40,92,100 | 2673 |
| അവിവാഹിത പെൻഷൻ | 5,80,800 | 375 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | - | - |

**1-8 ക്യാഷ് ബാലൻസ് പരിശോധന**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.07.2024 തീയതിയിൽ 03:00 PM സമയത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 1,000/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം**

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. എങ്കിലും ഏതാനും ചില പോരായ്മകൾ നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം തയാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിലെ വിവിധ ആസ്തികളെ സംബന്ധിക്കുന്ന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) പഞ്ചായത്തിന്റെ നികുതി നികുതിയേതര വരവുകൾ കുടിശ്ശിക സഹിതം പിരിച്ചെടുക്കാൻ ശേഷിക്കുന്നു.

4) പദ്ധതി തുകകളുടെ ചെലവ് ശതമാനത്തിൽ ൽ വൻ കുറവ് ഉണ്ടായിട്ടുണ്ട്. പ്രത്യേകിച്ച് മരാമത്ത് പ്രവൃത്തികളുടെ ചെലവ് കേവലം 5.81% മാത്രം.

5)നികുതി നിർണ്ണയം നടത്തി വർഷങ്ങൾക്ക് ശേഷവും പല കെട്ടിടങ്ങളുടെയും വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല.

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-10 നികുതി പിരിവ് പൂർണ്ണമല്ല - ലക്ഷങ്ങൾ കുടിശ്ശിക**

പഞ്ചായത്തിൽ വസ്തുനികുതി പിരിവ് നൂറ് ശതമാനത്തിലെത്തിക്കാനായില്ല. തൻവർഷ നികുതിയിൽ മാത്രം 3,64,859 രൂപ പിരിച്ചെടുക്കാൻ ബാക്കിനിൽക്കുന്നു. മുൻ വർഷ കുടിശ്ശികയിൽ 3,52,678 രൂപയും പിരിച്ചെടുത്തിട്ടില്ല. ഇങ്ങനെ 31.3.2024 ലെ ആകെ വസ്തുനികുതി കുടിശ്ശിക 7,17,537 രൂപയാണ്. കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ കെട്ടിടങ്ങൾ സമഗ്രമായി പരിശോധിച്ച് വസ്തുനികുതി നിർണ്ണയത്തിലെ

അപാകങ്ങൾ കണ്ടെത്തി പരിഹരിച്ച് വരുമാന വർദ്ധനവ് സാധുതപ്രായമാക്കുന്ന നടപടികളും എങ്ങുമെത്തിയിട്ടില്ല. കെട്ടിടങ്ങളുടെ സമഗ്ര പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ, അനധികൃത കൂട്ടിച്ചേർക്കലുകൾ മുതലായവ കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-11 ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഏരിയയ്ക്ക് വസ്തുനികുതി ചുമത്തിയില്ല**

ഗ്രാമപഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി ചുമത്തിയതിൽ അപാകമുണ്ട്. സെയിൽറൂമിനെ മാത്രം വസ്തുനികുതി ചുമത്തുകയും യഥാർത്ഥ ബിസിനസ് നടക്കുന്ന ഭാഗമായ ബങ്കുകളെയും കാനോപ്പിയെയും വസ്തുനികുതി ചുമത്തലിൽ നിന്ന് ഒഴിവാക്കിയതും ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഡിമാൻഡിൽ വലിയ കുറവുണ്ടാക്കുന്നു

ലൈസൻസ് രജിസ്റ്റർ പ്രകാരം 2 ഫ്യൂവൽ സ്റ്റേഷനുകളാണ് പഞ്ചായത്ത് പരിധിയിലുള്ളത്. SRO നമ്പർ 36/2011 സർക്കാർ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി ചതുരശ്രമീറ്ററിന് 30/- രൂപയായി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടത്. സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ഫ്യൂവൽ സ്റ്റേഷനുകളുടെ സെയിൽസ് റൂം, ഓഫീസ് റൂം എന്നിവ മാത്രമാണ് നികുതി ചുമത്തിയതെന്നും കാനോപ്പി ഏരിയായോ ബങ്കുകളെയോ നികുതി ചുമത്തുന്നില്ലായെന്നും വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ കുറവ് വസ്തുനികുതി ചുമത്തപ്പെട്ട സ്ഥാപനങ്ങളുടെ കാനോപ്പി ഏരിയ ഉൾപ്പെടുന്ന ഭാഗത്തിന്റെ വിസ്തൃതി അളന്ന് റിപ്പോർട്ട് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിനോട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം-16/2024 തീയതി 24.07.24) മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് മരാമത്ത് വിഭാഗം (LID &EW SECTION) അന്വേഷണം നടത്തി ഫ്യൂവൽ സ്റ്റേഷനുകൾ ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെയും കെട്ടിടഭാഗങ്ങളുടെയും വിസ്തൃതി രേഖാമൂലം ലഭ്യമാക്കി. ഗ്രാമപഞ്ചായത്ത് വസ്തുനികുതി ചുമത്തിയ ഏരിയായുമായി വലിയ അന്തരം കാണപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>പട്ടിക- 1: വള്ളികുന്നം ഗ്രാമപഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷനുകളും ചുമത്തപ്പെട്ട വസ്തുനികുതിയും</u>

| ക്രമ നം. | ഫ്യൂവൽ സ്റ്റേഷന്റെ പേര് | കെട്ടിട നമ്പരുകൾ | വസ്തുനികുതി ചുമത്തുന്ന വിസ്തൃതി | മരാമത്ത് വിഭാഗം അളന്ന് ലഭ്യമാക്കിയ കാനോപ്പി ഏരിയ |
|---|---|---|---|---|
| 1 | നയാറ ഫ്യൂവൽസ് (കെ.പി. ചന്ദ്രശേഖരപിള്ള, രാധാലയം) | 1/433 | 30 $M^2$ | 210 $M^2$ |
| 2 | ലീല ഫ്യൂവൽസ് ജയപ്രകാശ്, | 18/434 | 40 $M^2$ | 187 $M^2$ |

| | പൌർണ്ണമി | | | |
|---|---|---|---|---|

ആകെ 397 $M^2$ ഭാഗം രണ്ട് ഫ്യൂവൽ സ്റ്റേഷനുകളുടേതുമായി വസ്തു നികുതി ചുമത്തപ്പെടാതെയുണ്ട്. ഇത് വലിയ വസ്തുനികുതി നഷ്ടം ഗ്രാമപഞ്ചായത്തിനുണ്ടാക്കുന്നുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കി കെട്ടിട നമ്പർ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 തറനിർമ്മിതിക്കനുസൃതമായി അടിസ്ഥാനവസ്തുനികുതിയിൽ വർദ്ധനവ് ഉൾപ്പെടുത്തുന്നില്ല- വസ്തുനികുതി ഡിമാൻഡിൽ കുറവ്

2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധന സാമഗ്രികൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ സാധാരണ തറയെന്ന നിലക്കാണ് കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊസൈക്ക്, തറയോട്, സിമന്റ്, മൺതറ എന്നിങ്ങനെയാണ് സാധാരണ തറയെ വിശദമാക്കിയിട്ടുള്ളത്. വലിയ കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം വസ്തുക്കളാലാണെന്നിരിക്കെ സാധാരണതറ എന്ന നിലക്ക് രേഖപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി കുറയുന്നതിനിടയായിട്ടുണ്ട്. തറനിർമ്മിതിക്കനുസൃതമായി നികുതി വർദ്ധനവ് ചുമത്തപ്പെടാത്ത കെട്ടിടങ്ങളുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | വിസ്തൃതി ച.മീ | ഉടമയുടെ പേര്, വിലാസം |
|---|---|---|---|
| 1 | 1/250 | 633.16 | രവികുമാർ കല്യാശ്ശേരിൽ, ഇലപ്പിക്കുളം |
| 2 | 1/425 | 571.04 | സഞ്ജയ കുമാർ പുത്തൻ പുരയ്ക്കൽ, ഇലപ്പിക്കുളം |
| 3 | 1/434 | 550.6 | സലീം കുമാർ, അനിതരമന ഇലപ്പിക്കുളം |

തറനിർമ്മിതിയുടെ തരം സംബന്ധിക്കുന്ന പരിശോധന നടത്തി അടിസ്ഥാന തറവിസ്തൃതിയിൽ വർദ്ധനവ് വരുത്തേണ്ടതുണ്ടെങ്കിൽ വസ്തുനികുതി പുനനിർണ്ണയിക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-13 വാണിജ്യ-വ്യവസായ സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളുടെ ഡേറ്റാബേസ്, രജിസ്റ്റർ, എന്നിവ തയ്യാറാക്കുന്നതിൽ അപാകതകൾ ഉള്ളതായി

കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെയും വ്യവസായങ്ങളുടെയും ട്രേഡറുടെയും വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഫീസിന്റെ ഡിമാന്റ് നിർണ്ണയിച്ചിട്ടില്ല. ലൈസൻസ് ഫീസ് ഒടുക്കുന്ന സ്ഥാപനങ്ങളെയാണ് ലിസ്റ്റ് ചെയ്ത് ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ധനകാര്യ പത്രിക പ്രകാരം ലൈസൻസ് ഫീസ് പൂർണ്ണമായും പിരിച്ചെടുത്തതായാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ലൈസൻസ് ഫീസ് ഡിമാന്റ് കൃത്യമായി നിർണ്ണയിക്കാതെ ഡിമാന്റ് തുക പൂർണ്ണമായും പിരിച്ചെടുക്കാൻ സാധിയ്ക്കുകയില്ല. മാത്രമല്ല ലൈസൻസ് രജിസ്റ്ററിൽ DCB (ഡിമാന്റ്, കളക്ഷൻ, ബാലൻസ്) എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഡടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസെടുത്തിട്ടുണ്ടോ എന്നത് വ്യക്തമല്ല. തന്മൂലം ലൈസൻസ് നടപടികളിൽ അവ്യക്തതയും വരുമാനത്തിൽ കുറവ് സംഭവിക്കുന്നതായും കാണുന്നു. പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഫീസ് ഡിമാന്റ് കൃത്യമായി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-14 നികുതി നിർണ്ണയം പൂർത്തിയാക്കിയിട്ട് കാലങ്ങളേറെയായിട്ടും നികുതി അടയ്ക്കാതെ തുടരുന്ന കെട്ടിടങ്ങൾ-അധികൃതരുടെ അടിയന്തിര നടപടി അനിവാര്യം

ഗ്രാമപഞ്ചായത്ത് നികുതി നിർണ്ണയം നടത്തി കാലങ്ങളേറെയായിട്ടും വസ്തുനികുതി ഇനത്തിൽ നാളിതുവരെ നികുതി നൽകാതെ അവശേഷിക്കുന്ന ചില കെട്ടിടങ്ങളെ സംബന്ധിക്കുന്ന ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

I.സഞ്ജയ് കുമാർ

പുത്തൻ പുരയിൽ, ഇലപ്പിക്കുളം, വള്ളികുന്നം

അസസ്സമെന്റ് വർഷം-2020-ഒന്നാംഅർദ്ധ വാർഷികം. വസ്തു നികുതി നിരക്ക്@70/Sqft

| കടമുറി നം. | വിസ്തൃതി($m^{2}$) | നികുതി |
|---|---|---|
| 425 B | 34.9 | 2443 |
| 425 C | 34.9 | 2443 |
| 425 D | 45.9 | 3213 |
| 425 E | 34.9 | 2443 |
| 425 F | 34.9 | 2443 |
| 425 G | 70.43 | 4930 |
| 425 H | 103.62 | 7253.40 |
| 425 I | 84.59 | 5921 |
| 425 J | 126.9 | 8883 |
| | ആകെ | 39972.4 |

2.സലീംകുമാർ

അനിതരമന, ഇലപ്പിക്കുളം

അസസ്സമെന്റ് വർഷം-2018 ഒന്നാംഅർദ്ധ വാർഷികം. വസ്തു നികുതി നിരക്ക്@70/Sqft

| കടമുറി നം. | വിസ്തൃതി | നികുതി |
|---|---|---|
| 434A | 45.9 | 3213 |
| 434B | 45.9 | 3213 |
| 434C | 59.66 | 4176.2 |
| 434D | 78.3 | 5481 |
| 434E | 78.85 | 5520 |
| 434F | 34.9 | 2443 |
| 434G | 44.29 | 3100.3 |
| 434H | 45.21 | 3164.7 |
| 434 I | 45.23 | 3166.1 |
| 434J | 42.43 | 2970.1 |
| 434K | 30.41 | 2128.7 |
|  | ആകെ | 38576.1 |

3.രവികുമാർ.

കല്ല്യാശ്ശേരിൽ, ഇലപ്പിക്കുളം

അസസ്സമെന്റ് വർഷം-2019-ഒന്നാംഅർദ്ധ വാർഷികം. വസ്തു നികുതി നിരക്ക് 70/Sqft

| കടമുറി നം. | വിസ്തൃതി | നികുതി |
|---|---|---|
| 250A | 78.1 | 5467 |
| 250B | 78.1 | 5467 |
| 250C | 40.54 | 2838 |
| 250D | 15.1 | 1057 |
| 250E | 65.3 | 4571 |
| 250F | 65.3 | 4571 |
| 250G | 21.3 | 1491 |
| 250H | 21.4 | 1498 |
| 250I | 21.3 | 1491 |
| 250J | 21.55 | 1509 |
| 250K | 31.8 | 2226 |
| 250L | 63.2 | 4424 |
| 250M | 26.5 | 1855 |
| 250N | 24.45 | 1711.5 |
| 250O | 21.3 | 1491 |
| 250P | 22.1 | 1547 |
| 250Q | 21.5 | 1505 |
| 250R | 20.4 | 1428 |
|  | ആകെ | 46147.5 |

മേൽ പട്ടിക പ്രകാരമുള്ള ഉടമകളുടെ കെട്ടിടങ്ങളുടെ അസസ്സ് ചെയ്ത വർഷം മുതൽ 2024-25 ഒന്നാം പാദവർഷമായിട്ടും നികുതി ഇനത്തിൽ ഒരു തവണ പോലും നികുതി അടയ്ക്കാതെ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഈ കെട്ടിട ഉടമകൾ നികുതി സംബന്ധിച്ച് തർക്കം ഉന്നയിച്ച് ഗ്രാമപഞ്ചായത്തിലോ കോടതിയിലോ പരാതി നൽകുകയോ നികുതിയുമായി ബന്ധപ്പെട്ട് മറ്റ് തർക്കങ്ങൾ ഉണ്ടാകുകയോ ചെയ്തിട്ടില്ല. മേൽ പറഞ്ഞ 3 കടയുടമകളിൽ നിന്ന്

മാത്രമായി തന്നെ 1,24,695.5 ഈടാക്കാൻ അവശേഷിക്കുന്നു. ഈടാക്കാൻ ശേഷിയ്ക്കുന്ന വസ്തു നികുതി അതാത് കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരം നികുതി അടയ്ക്കാൻ അവശേഷിക്കുന്ന തരത്തിലുള്ള മറ്റ് കെട്ടിടങ്ങൾ ഉണ്ടോയെന്ന് പരിശോധിച്ച് നികുതി ഈടാക്കാനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തി അവരിൽ നിന്ന് ഈടാക്കി ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് സെക്രട്ടറിയുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

**1- 15 വള്ളികുന്നം ചിറ- ചെളിമണ്ണ് ലേലം – പഞ്ചായത്തിന് കോടികൾ ലഭിയ്ക്കാൻ ശേഷിയ്ക്കുന്നു**

വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 8 ഹെക്ടറോളം വരുന്ന വള്ളികുന്നം ചിറയിൽ നബാർഡ് മുഖേന അഗ്രിക്കൾച്ചർ എഞ്ചിനിയറിംഗ് വകുപ്പ് നടപ്പാക്കിയ പ്രവൃത്തിയുടെ ഭാഗമായി 15050.903 ക്യൂബിക് മീറ്റർ ചെളിമണ്ണ് സംഭരിച്ചിട്ടുള്ളതാണ്. ഇതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 07.12.2022-ലെ വാല്യൂവേഷൻ റിപ്പോർട്ട് അനുസരിച്ച് 1,65,55,993/- രൂപ മൂല്യം തിട്ടപ്പെടുത്തിയിട്ടുണ്ട്. ചിറയിൽ നിന്നും എടുത്ത് സംഭരിച്ചിട്ടുള്ള ചെളിമണ്ണ് വിൽക്കുന്നതിനായി, ലേലം നടത്തുകയും എന്നാൽ ലേലം കൊണ്ട തുക വളരെ കുറവാണെന്നുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ അഭിപ്രായത്തെ തുടർന്ന് 20.03.23 ൽ പുനർലേലം നടത്തുകയും ചെയ്തു. പുനർലേലത്തിൽ ഒരു ക്യൂബിക് മീറ്ററിന് 1,310/- രൂപയ്ക്ക് (ആകെ 1310x15050.903=19716683) ടി രാജേന്ദ്രപണിയ്ക്കർ എന്നയാൾ ലേലം കൊള്ളുകയും ചെയ്തതുമാണ്. എന്നാൽ ലേലം ഉറപ്പിച്ചു നൽകിയെങ്കിലും പിന്നീട് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. 1,97,16,683/- രൂപ ലേലമിനത്തിൽ വരവ് ലഭിക്കേണ്ടതുണ്ട് ഇത് സംബന്ധിച്ച് 2022-23 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-18ൽ പരാമർശിച്ചിട്ടുള്ളതാണ്. ഇത് സംബന്ധിച്ചുള്ള നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/18.07.24 ന് നൽകിയ മറുപടിയിൽ 20.03.23 ൽ നടന്ന ലേലത്തിൽ രാജേന്ദ്രപണിയ്ക്കർ മാത്രമേ പങ്കെടുത്തുള്ളു എന്നും ലേലം കൊണ്ട തുക കുറവാണെന്നും, പഞ്ചായത്തിന്റെ ആസ്തി വിറ്റഴിയ്ക്കുമ്പോൾ ആക്ഷേപരഹിതമായും സുതാര്യമായും നടപടികൾ സ്വീകരിയ്ക്കേണ്ടതിനാൽ ഒറ്റവിളി മാത്രമുള്ള ലേലം പെന്റിംഗിൽ വെച്ച് കൊണ്ട് ഒരിയ്ക്കൽ കൂടി ക്വട്ടേഷൻ/കൺസീൽഡ് മാത്രമായി ലേലം നടത്താൻ 21.03.23 ൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനിയ്ക്കുകയും ചെയ്തെങ്കിലും ആരും തന്നെ ഓഫർ നൽകിയില്ല. തുടർന്ന് ടി ലേലം ശ്രീ.രാജേന്ദ്രപണിയ്ക്കർക്ക് തന്നെ ഉറപ്പിച്ച് നൽകുകയും ചെയ്തു. എന്നാൽ ടെണ്ടർ അസാധുവായെന്നും താൻ അടവാക്കിയ നിരതദ്രവ്യം തിരികെ നൽകണമെന്നും ആവശ്യപ്പെട്ട് കൊണ്ട് പഞ്ചായത്തിനെതിരെ ശ്രീ.രാജേന്ദ്രപണിയ്ക്കർ കായംകുളം മുൻസിഫ് കോടതിയിൽ OS.No.364/2023 നം. കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്. പുനർലേല നടപടികൾ ആരംഭിയ്ക്കണമെങ്കിൽ റോയൽറ്റിയ്ക്ക് പുറമേ സർക്കാർ ഭൂമിയിൽ നിന്നും ഖനനം ചെയ്ത മണ്ണ് വിറ്റഴിയ്ക്കുമ്പോൾ സീനിയറേജ് ചാർജ്ജ് റവന്യൂവകുപ്പ് നിശ്ചയിച്ച് നൽകേണ്ടതാണ്. ഇതിന് വേണ്ടി 6 കത്തുകൾ(11.02.23, 28.03.23, 31.10.23, 04.12.23, 07.01.14) നൽകിയെങ്കിലും സീനിയറേജ് നിശ്ചയിച്ച് നൽകിയിട്ടില്ല. മാത്രമല്ല സീനിയറേജ് ഒഴിവാക്കുന്നതിനായി 12.02.23 ൽ നവകേരള സദസ്സിലൂടെ ബഹു.മുഖ്യമന്ത്രിയ്ക്ക് കത്ത് നൽകിയിട്ടുള്ളതാണെന്നും സീനിയറേജ് ഒഴിവാക്കി കൊണ്ടുള്ള സർക്കാർ ഉത്തരവോ സീനയറേജ് നിശ്ചയിച്ചുകൊണ്ടുള്ള ബഹു.ജില്ലാ കളക്ടറുടെ ഉത്തരവോ ലഭ്യാമാകുന്ന മുറയ്ക്ക് മാത്രമേ പുനർലേല നടപടികൾ ആരംഭിയ്ക്കാൻ കഴിയുകയുള്ളു എന്നുമാണ് അറിയിച്ചിട്ടുള്ളത്. സീനിയറേജ് നിശ്ചയിക്കാൻ സർക്കാർ തലത്തിൽ സമ്മർദ്ദം

ചെലുത്തി ലേല നടപടികൾ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ചെളിമണ്ണ് ലേലം നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം ഇതിനോടൊപ്പമുള്ള 6 ഹെക്ടറോളം വരുന്ന നാലുവശവും കരിങ്കൽ ഭിത്തി കെട്ടിയ ജല സമൃദ്ധമായ ചിറ ടൂറിസ്റ്റ് കേന്ദ്രമായി മറ്റാനുള്ള പദ്ധതികളും ആലോചിയ്ക്കാവുന്നതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലുണ്ടാവേണ്ടതാണ്.

**1-16 മൺ ചട്ടി, കുറ്റിക്കുരുമുളക് തൈ വിതരണം - അപാകങ്ങൾ**

കൃഷി ഓഫീസർ നടപ്പാക്കിയ പോട്ടിംഗ് മിശ്രിതം നിറച്ച ചട്ടികളിൽ വനിതാ ഗ്രൂപ്പുകൾക്ക് കുറ്റിക്കുരുമുളക് തൈ വിതരണം (എസ്.സി) എന്ന പ്രോജക്ട് വഴി പട്ടികജാതി വനിതാ ഗ്രൂപ്പുകൾക്ക് മൺചട്ടികളിൽ കുറ്റിക്കുരുമുളക് തൈകൾ വിതരണം ചെയ്യാനാണ് വിഭാവനം ചെയ്തത്. പ്രോജക്ട് ഫയൽ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കാണുന്നു.

1) വനിതാഗ്രൂപ്പുകളെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ 34 വ്യക്തികളിൽ നിന്ന് ഗുണഭോക്തൃ വിഹിതം (1,050 രൂപ) ശേഖരിച്ച് അവർക്ക് 15 ചട്ടികൾ വീതം വിതരണം ചെയ്തതായാണ് കാണുന്നത്. ഏതെങ്കിലും തരത്തിലുള്ള ഗ്രൂപ്പുകൾ രൂപീകരിച്ചതായി കാണുന്നില്ല. ഗ്രൂപ്പ് ഫാമിംഗ് എന്ന പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കപ്പെട്ടില്ല.

2) വികസന ഫണ്ട് (എസ്.സി.പി) വകയിരുത്തിയ ഈ പദ്ധതിയിൽ ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽപെട്ടവരായിരിക്കണം. എന്നാൽ ഇത് പരിശോധിക്കപ്പെട്ടതായി കാണുന്നില്ല. ആനുകൂല്യം കൈപ്പറ്റിയവരുടെ ജാതി തെളിയിക്കുന്ന രേഖകൾ ഒന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3) വിതരണ രേഖകൾ പ്രകാരം 34 ഗുണഭോക്താക്കൾക്കായി 510 നിറച്ച മൺചട്ടികളും കുറ്റികുരുമുളക് തൈകളും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന്റെ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മേൽ പ്രതിപാദിച്ച അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/20.07.24)മറുപടിയും ലഭ്യമാക്കിയില്ല. ആകയാൽ ഈ പ്രോജക്ടിനായി 2023-24 ൽ വിനിയോഗിച്ച 35,700 രൂപയുടെ (ചെക്ക് നം.3447/28.3.24) ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ അർഹതാ രേഖകൾ, ബിൽ മുതായവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

<u>അടിസ്ഥാന വിവരങ്ങൾ</u>

പ്രോജക്ട് – എസ്107/24 പോട്ടിംഗ് മിശ്രൃതം നിറച്ച ചട്ടികളിൽ വനിതാ ഗ്രൂപ്പുകൾക്ക് കുറ്റിക്കുരുമുളക് തൈ വിതരണം (എസ്.സി)

അടങ്കൽ – 2,18,750 രൂപ (157500 രൂപ വികസന ഫണ്ട് (എസ്.സി.പി), 61250 രൂപ ഗുണഭോക്തൃ വിഹിതം)

തൻവർഷ ചെലവ് – 35,700 രൂപ ഗുണഭോക്തൃ വിഹിതം.

**1-17 മുൻകൂർ ക്രമീകരിച്ചിട്ടില്ല. നിക്ഷേപ പ്രവൃത്തികളിൽ 1.26 കോടി രൂപ ചെലവഴിക്കാതെ കിടക്കുന്നു**

നിർവ്വഹണോദ്യോഗസ്ഥർക്കുള്ള മുൻകൂർ എന്ന നിലയിൽ 460500501 ശീർഷകത്തിൽ മുൻ വർഷങ്ങളിലായി നൽകിയ 48,312/- രൂപ തൻവർഷത്തിലും ക്രമീകരിക്കാതെ തുടരുന്നതായി രജിസ്റ്റർ, വാർഷിക കണക്ക് എന്നിവയിൽ നിന്ന് വ്യക്തമാകുന്നു. ലഡ്ജർ പരിശോധിച്ചതിൽ ഈ

തുക 2021 ന് മുൻപ് വെള്ളക്കരം ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയതാണെന്ന് വ്യക്തമാകുന്നു. വെള്ളക്കരം തെറ്റായ ശീർഷകത്തിൽ ഒടുക്കിയതിന്റെ കാരണം വ്യക്തമല്ല. വാട്ടർ അതോറിറ്റിയുടെ നിലവിലെ ബില്ലിൽ ഇത്തരം ഒരു മുൻകൂർ പ്രതിഫലിക്കുന്നില്ല. ഈ തുകയുടെ കൃത്യത കണ്ടെത്തി വാട്ടർ അതോറിറ്റിയുടെ കുടിവെള്ള ബില്ലിൽ കുറവ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഇത് കൂടാതെ വിവിധ നിർവ്വഹണ ഏജൻസികൾക്ക് നിക്ഷേപ പ്രവൃത്തികളിൽ മുൻകൂറായി നല്കിയ 1,26,22,579 രൂപ ചെലവഴിച്ചിട്ടില്ലെന്ന് വാർഷിക കണക്ക്, മുൻകൂർ രജിസ്റ്റർ എന്നിവയിൽ നിന്ന് വ്യക്തമാകുന്നു.

പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിംഗിൽ പി.എച്ച്.സി വയറിംഗിനായി 2014-15 ൽ നിക്ഷേപിച്ച 4,41,000 രൂപയുടെ (പ്രോജക്ട് 152/15) വിനിയോഗസാക്ഷ്യപത്രം ഇനിയും ലഭ്യമാക്കപ്പെട്ടിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കിയതായി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള(നം.5/23-24, 18.07.2024) മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.

2016-17 ൽ കൈപ്പള്ളി ഭാഗം പമ്പ് ഹൗസ് അറ്റകുറ്റപ്പണിക്കായി (പ്രോജക്ട് 122/17) ഭൂജല വകുപ്പിൽ നിക്ഷേപിച്ച 50,000 രൂപയിൽ 33,327 രൂപ വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമായത്. ബാക്കി 16,673 രൂപ ഭൂജല വകുപ്പിൽ നിന്ന് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2018 മുതൽ വിവിധ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾക്കായി കേരള വൈദ്യുതി ബോഡിൽ ഒടുക്കിയ 96,99,324 രൂപയുടെ പ്രവത്തികൾ ഇനിയും പൂർത്തിയായിട്ടില്ലെന്ന് പ്രസ്തുത ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയിൽ 2014-15 മുതൽ വിവിധ കുടിവെള്ള, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവത്തികൾക്കായി 24,65,582 രൂപ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയവ പൂർത്തിയാക്കിയിട്ടില്ല. ജൽ ജീവൻ മിഷൻ വഴി ജലവിതരണ പ്രോജക്ടുകൾ നടപ്പാക്കിവരുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതികൾക്ക് പ്രസക്തി നഷ്ടമായിരിക്കാൻ സാദ്ധ്യതയുണ്ട്.

ഇതേക്കുറിച്ച് സെക്രട്ടറി വിശദമായ പരിശോധന നടത്തേണ്ടതും പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കാൻ നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത പ്രവൃത്തികൾ നിർവ്വഹിക്കുക സാദ്ധ്യമാക്കാതെ വരുകയോ പ്രോജക്ടുകൾ അപ്രസക്തമാകുകയോ ചെയ്യുന്ന പക്ഷം തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-18 പ്ലാസ്റ്റിക് ബൈലിംഗ് മെഷീൻ - പ്രവർത്തിപ്പിക്കുന്നില്ല**

ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ കൈകാര്യം ചെയ്യുന്നതിനായി 'പ്രകൃതി' , തൈക്കാട്ടുകര, ആലുവ എന്ന സ്ഥാപനത്തിൽ നിന്ന് 3.94 ലക്ഷം രൂപ വിലയുള്ള പ്ലാസ്റ്റിക്ക് ബൈലിംഗ് മെഷീൻ വാങ്ങിയിട്ടുണ്ടെങ്കിലും അത് ഓഡിറ്റ് തീയതി വരെ (19.7.2024) പ്രവർത്തിപ്പിക്കാൻ തുടങ്ങിയിട്ടില്ല. 10.10.2023 ൽ പ്രസ്തുത സ്ഥാപനവുമായി നിർവ്വഹണോദ്യോഗസ്ഥൻ കൂടിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഏർപ്പെട്ട കരാർ പ്രകാരം മെഷീൻ സ്ഥാപിച്ച് നൽകേണ്ടത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തവുമാണ്. മെഷീന്റെ പ്രവർത്തനം വിലയിരുത്തി കാര്യക്ഷമമല്ലെങ്കിൽ റീപ്ലേയിസ് ചെയ്യുന്നതിന് 12 മാസമാണ് കരാറിൽ കാലാവധി നിശ്ചയിച്ചിരിക്കുന്നത്. മെഷീൻ 07.01.2024 ൽ സപ്ലൈ ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ പ്രവർത്തിപ്പിച്ചിട്ടില്ല. ഇതിനാവശ്യമായ ഇലക്ട്രിക് കണക്ഷൻ ഇതുവരെ സജ്ജമാക്കിയിട്ടുമില്ല.

പദ്ധതിക്കായി 2,75,800 രൂപ ശുചിത്വമിഷൻ ഗ്രാന്റ് ലഭിച്ചിരുന്നു. ഇതിൽ 1,24,800 രൂപ അനുവദിച്ചുകൊണ്ട് ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ 2024 മാർച്ചിൽ പുറപ്പെടുവിച്ച ഉത്തരവിൽ യന്ത്രം ഒരുമാസത്തിനകം പ്രവർത്തന സജ്ജമാക്കണമെന്ന് സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതും അവഗണിക്കപ്പെട്ടു. ബൈലിംഗ് മെഷീൻ യഥാകാലം പ്രവർത്തനം ആരംഭിക്കാത്തത് വഴി ഗ്യാരന്റി പീരീഡിലുണ്ടാകുന്ന നഷ്ടവും അപരിഹാര്യമാണ്. മെഷീൻ പ്രവർത്തന ക്ഷമമമാക്കാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10, 22.07.2024) ലഭ്യമാക്കിയ മറുപടിയിൽ ത്രീ-ഫേസ് ലൈൻ ലഭിക്കുന്നതിലെ കാലതാമസവും എം.സി.എഫ് വയറിംഗ് നടക്കാത്തതും മൂലമാണ് മെഷീൻ പ്രവർത്തിപ്പിക്കാൻ കഴിയാത്തത് എന്നും ഇതിനായി 2024-25 ൽ 2.5 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് വിഭാവനം ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി വ്യക്തമാക്കി. മെഷീൻ വാങ്ങുന്ന അവസരത്തിൽ തന്നെ ആയത് പ്രവർത്തിപ്പിക്കാനുള്ള അടിസ്ഥാന സൌകര്യം കൂടി ഒരുക്കുവാൻ ശ്രദ്ധിക്കാതിരുന്നത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി വിലയിരുത്തുന്നു. മെഷീൻ സ്ഥാപിക്കുന്നതിലെ കാലതാമസം നിമിത്തം ഗ്യാരന്റി നഷ്ടമായാൽ അതുവഴി പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായിരിക്കുന്നതാണ്. നിലവിൽ ധാരാളം പ്ലാസ്റ്റിക് മാലിന്യം എം.സി.എഫ് പരിസരത്ത് കൂടിക്കിടക്കുകയാണ്. മെഷീൻ അടിയന്തിരമായി പ്രവർത്തന സജ്ജമാക്കേണ്ടതും ഹരിതകർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകി യന്ത്രം ഉപയോഗപ്പെടുത്തേണ്ടതുമാണ്. ബൈലിംഗ് മെഷീൻ പ്രവർത്തിപ്പിക്കാൻ ആരംഭിക്കാത്ത സാഹചര്യത്തിൽ ഇതിനായി വിനിയോഗിച്ച 3,94,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

<u>അടിസ്ഥാന വിവരം</u>

പ്രോജക്ട് – നം.എസ്.ഒ.137/24, പ്ലാസ്റ്റിക്ക് ബൈലിംഗ് മെഷീൻ വാങ്ങൽ

അടങ്കൽ – 4,50,000 രൂപ (315000 രൂപ കേന്ദ്രാവിഷ്കൃത ഫണ്ട്, 135000 രൂപ തനത് ഫണ്ട്)

ചെലവ് – 3,94,000 രൂപ (275800 രൂപ കേന്ദ്രാവിഷ്കൃത ഫണ്ട്, 118200 രൂപ തനത് ഫണ്ട്)

ബിൽ 230123/ 19.3.24 – 2,75,800 രൂപ കേന്ദ്രാവിഷ്കൃത ഫണ്ട്

230124/ 19.3.24 – 1,18,200 രൂപ തനത് ഫണ്ട്

## 1-19 ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ ആയുർവ്വേദം നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 3,00,000/- രൂപ കേരള സംസ്ഥാന ഹോമിയോപ്പതിയ്ക്ക് ഫാർമസി ലിമിറ്റഡ് (ഹോംകോ) എന്ന സ്ഥാപനത്തിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.90 /23-24 |
| പ്രോജക്ട് | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 3,00,000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ഇൻവോയ്സ് നമ്പർ | പി. എഫ് 311/19-08-23 |

| | |
|---|---|
| ചെലവ് | 300,000/- ട്രഷറി ബിൽ ബി.ആർ.എൻ നം. 23070852005200836183/24-11-23 |

ടി തുക പൂർണ്ണമായും കേരള സംസ്ഥാന ഹോമിയോപ്പതിക് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം -34306403911) ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ 94,830/- (ഇൻവോയിസ് നം. എൽ. എഫ് 581/08.07.24) രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 2,05,170/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/17.07.24 ന് നൽകിയ മറുപടിയിൽ ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കാൻ ഹോംകോയ്ക്ക് കത്തയച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. മരുന്നുകൾ ലഭ്യമായ വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കുന്നത് വരെയും ടി പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 2,05,170/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 വലിയകുളം പുനരുദ്ധാരണം ഒന്നാം ഘട്ടം - പെയിന്റിംഗ് ഇനത്തിൽ അധികം നൽകിയ 33,523 രൂപ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരികെ അടച്ചു -ഓഡിറ്റ് ഇംപാക്ട്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വലിയകുളം പുനരുദ്ധാരണം ഒന്നാം ഘട്ടം(പ്രോജക്ട് നം.-156/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | സി.പ്രകാശ് |
| ചെലവു വിവരം | Rs.10,30,428- (ബിൽ നം. 206/21.10.23-889065 ബിൽ നം.137/16.8.23-58938) |

വലിയകുളം പുനരുദ്ധാരണം ഒന്നാം ഘട്ടം എന്ന പ്രവൃത്തിയിൽ 8-ാം ഇനമായി 532.123 $M^2$ പ്രതലത്തിൽ Water Thinnable Cement Primer അടിച്ചതിന് പുറമേ 9-ാം ഇനമായി Finishing Wall With Acrylic Smooth Exterior Paint Of Required Shade എന്ന ഇനം ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. 9-ാം ഇനത്തിന്റെ നിരക്ക് പ്രൈമർ അടിക്കുന്നതിനുള്ള തുക കൂടി ഉൾപ്പെട്ടിരിക്കുന്നതിനാൽ 8-ാം ഇനമായി Cement Primer അടിക്കുക എന്ന ഇനം പ്രത്യേകമായി ചെയ്യേണ്ടതിന്റെ ആവശ്യമില്ല.

8-ാം ഇനത്തിന് അനുവദിച്ച തുക –532.123 $M^2$ @63 = 33523/-

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് അധികം ചെലവഴിച്ച 33,523 രൂപ 23.7.2024 തീയതിയിലെ രസീത് നം.1240101059/G041102 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ തിരികെ അടച്ചിട്ടുണ്ട്. ടി തുക ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ സർക്കാരിലേയ്ക്ക് അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 വലിയ കുളം പുനരുദ്ധാരണം ഒരേ കാലയളവിൽ രണ്ട് വ്യത്യസ്ത പ്രോജക്ടുകൾ നടപ്പാക്കി -നടപടി ക്രമങ്ങളിൽ അപാകത

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി വലിയകുളം പുനരുദ്ധാരണം എന്ന

പ്രവൃത്തി നടപ്പാക്കുന്നതിന് 2022-23 വർഷം തന്നെ രണ്ട് വ്യത്യസ്ത പ്രോജക്ടുകൾ ആവിഷ്കരിക്കുകയും 2023-24 വർഷം ആയവ സ്പിൽ ഓവറായി നടപ്പാക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വലിയകുളം പുനരുദ്ധാരണം എന്ന പ്രവൃത്തി (പ്രോജക്ട് നം. 156/24) ഇലക്ട്രിഫിക്കേഷൻ ഉൾപ്പടെ നടപ്പാക്കുന്നതിന് 2022-23 വർഷം 22,99,700/- രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കി ടെന്റർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സി.പ്രകാശ് എന്ന വ്യക്തി കരാർ ഏറ്റെടുത്ത് പ്രവൃത്തി നടപ്പാക്കുകയുണ്ടായി. ടി പ്രവൃത്തിയ്ക്ക് ടെന്റർ ക്ഷണിച്ചത് 15.10.2022 ലാണ്. കരാറുകാരനുമായി കരാർ ചമച്ചത് 29.11.2022 ലും. ഇതേ പ്രവൃത്തിയുടെ രണ്ടാം ഘട്ടമായി പ്രോജക്ട് (നം.159/24) ആവിഷ്കരിക്കുകയും 2,45,723 രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കി 5.11.2022 ൽ ടെന്റർ ക്ഷണിക്കുകയും എസ്റ്റിമേറ്റ് നിരക്കിൽ സി.പ്രകാശ് എന്ന കരാറുകാരനെ തന്നെ കരാർ എല്പിക്കുയും ചെയ്തു. 3.1.2023 ൽ കരാറുകാരനുമായി കരാറിലേർപ്പെടുകയും ചെയ്തു. തുടർന്ന് ഒന്നാം ഘട്ട പ്രവൃത്തിയുടെ അളവിൽ ഏതാനും ചില മാറ്റങ്ങൾ വരുത്തി 16.2.2023 ൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയാറാക്കിയിരുന്നു. കൂടാതെ ഒന്നാം ഘട്ട പ്രവൃത്തിയിൽ ഉൾപ്പെട്ട ഏതാനും ചില ഇനങ്ങൾ രണ്ടാംഘട്ട പ്രവൃത്തിയിലും ഉൾപ്പെട്ടിരുന്നു. ഒന്നാംഘട്ട പ്രവൃത്തിയിൽ കരാറുകാരൻ എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്കാണ് ക്വാട്ട് ചെയ്തതെങ്കിൽ രണ്ടാം ഘട്ട പ്രവൃത്തിയിൽ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത് അതിൻ പ്രകാരം തുക ചെലവഴിച്ചത് വഴി താരതമ്യേന കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ചെയ്ത അളവ് | എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് | ഒന്നാം ഘട്ട പ്രവൃത്തിയിലെ നിരക്ക്/ നൽകിയ തുക | രണ്ടാം ഘട്ട പ്രവൃത്തിയിലെ നിരക്ക് / നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| Earth Work Excavation | 7.2m$^3$ | 309.99 | 270/ 1944 | 309.99/ 2231.93 | 287.93 |
| Providing And Laying In Position Cement Concrete | 2.401m$^3$ | 7113.43 | 6216/ 14924.6 | 7113.43/ 17079 | 2154.4 |
| Solid Block Masonry | 0.99m$^3$ | 6792.18 | 5396/ 5342 | 6792.18/ 6724.26 | 1382.26 |
| 12MM CEMENT PLASTAR MIX | 80.16 | 327.87 | 285/ 22845.6 | 327.87/ 26282.06 | 3436.46 |
| Applying One Coat | 80.16 | 73.75 | 63/ 5050.08 | 73.75/ 5911.8 | 861.72 |

| | | | | | |
|---|---|---|---|---|---|
| Of Water Thinnable Cement Primer | | | | | |

അംഗീകരിച്ച എസ്റ്റിമേറ്റിൽ പ്രവൃത്തി നിർവ്വഹണം നടത്തുമ്പോൾ അഡീഷണൽ പ്രവൃത്തികൾ ചെയ്യേണ്ട സാഹചര്യം ഉണ്ടാകുന്നപക്ഷം റിവൈസ്സ് എസ്റ്റിമേറ്റ് തയാറാക്കി പ്രവൃത്തി നടപ്പാക്കണമെന്നിരിക്കെ (പൊതുമരാമത്ത് വകുപ്പ് മാനുവൽ ജി.ഒ.(പി)13/2012 /PWD/1.2.2012ഖ.II.Ii(F)) മറ്റൊരു പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/25.7.24) ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

" വലിയകുളം പുനരുദ്ധാരണം ഒന്നാം ഘട്ട പ്രവൃത്തിയ്ക്ക് 22,99,700 രൂപയുടെ ഭരണാനുമതി ലഭിക്കുയും ടി തുകയുടെ എസ്റ്റിമേറ്റ് തയാറാക്കുകയും ചെയ്തു. പ്രവൃത്തിയുടെ പൂർണ്ണമായ ഫലപ്രാപ്തിയ്ക്ക് വലിയകുളത്തിന്റെ നാല് ചുറ്റിനും അതിർത്തി കെട്ടി സംരക്ഷിച്ച് തറയോട് പാകി മനോഹരമാക്കണമെന്ന് ഭരണസമിതിയെ ബോദ്ധ്യപ്പെടുത്തിയതിനാൽ 4,85,000 രൂപയ്ക്ക് കൂടി ഭരണാനുമതി ലഭിച്ചു. കുളം നവീകരണത്തിനാവശ്യമായ ഫണ്ട് ഒറ്റത്തവണയായി അനുവദിക്കാതിരുന്നതിനാലാണ് രണ്ട് പ്രോജക്ടായി നടപ്പാക്കിയത് . കൂടാതെ രണ്ട് പ്രോജക്ടുകളും മത്സരാധിഷ്ഠത ടെന്റർ മുഖേന നടപ്പാക്കിയതിനാൽ അവയിലെ നിരക്കുകൾ തമ്മിൽ താരതമ്യം ചെയ്യാൻ സാധിക്കില്ല എന്നും മറുപടി നൽകി."

മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ ചെയ്യേണ്ട പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് മുൻ കൂട്ടിത്തന്നെ തയാറാക്കേണ്ടതും അതനുസരിച്ച് പ്രോജക്ട് ആവിഷ്കരിക്കേണ്ടതുമാണ്. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ തന്നെ ഉത്തരവാദിത്തമാണ്. ഒന്നാം ഘട്ട പ്രവൃത്തിയുടെ നിർവ്വഹണ കാലഘട്ടത്തിൽ തന്നെ രണ്ടാം ഘട്ട പ്രവൃത്തിയുടെ നടപടിക്രമങ്ങളും ആരംഭിച്ചതിനാൽ ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലമാണ് ഒന്നാം ഘട്ടത്തിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നത് എന്ന മറുപടി തൃപ്തികരമല്ല.

ഒന്നാം ഘട്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയാറാക്കിയപ്പോൾ തന്നെ കുളം നവീകരണത്തിനാവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി പ്രോജക്ട് നടപ്പാക്കിയിരുന്നു എങ്കിൽ അതേ കാലയളവിൽ മറ്റൊരു പ്രോജക്ട് നടപ്പാക്കുന്നതിനും അത് വഴി ആദ്യ പ്രവൃത്തിയേക്കൾ കൂടിയ നിരക്കിൽ ടെന്റർ അംഗീകരിച്ച് തുക ചെലവഴിക്കുന്നത് ഒഴിവാക്കുകയും ചെയ്യാമായിരുന്നു. പൊതുപണം കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതും പ്രവൃത്തി നിർവ്വഹണം കുറെക്കൂടി ദീർഘ വീക്ഷണത്തോടെ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 ധന വിനിയോഗ വിവരങ്ങൾ, സാക്ഷ്യപത്രം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ ധന വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

എ) ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ നീക്കം ചെയ്യൽ എന്ന പ്രോജക്ടിൽ (നം.എസ്.186/24) 1,63,000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട് (വൌച്ചർ നം.22300366/ 11.07.2023, തനത് ഫണ്ട്, അടങ്കൽ 1,63,000 രൂപ) എന്നാൽ ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ബി) എസ് 187/24, കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് സാമൂഹ്യ സുരക്ഷാ മിഷന് തുക നൽകൽ

എന്ന പ്രോജക്റ്റ് വഴി ആദിത്യ ഭവനത്തിൽ കുമാരി അനന്യ എസ്. ന്റെ ശ്രവണസഹായി മെയിന്റനൻസ് ചെയ്യുന്നതിന് 50,000 രൂപ തനത് ഫണ്ട് 11.10.2023 ൽ വൌച്ചർ നം. 22300689 പ്രകാരം സാമൂഹ്യ സുരക്ഷാ മിഷന് നൽകിയിട്ടുണ്ട് (അടങ്കൽ 50,000 രൂപ). എന്നാൽ ഈ തുക ചെലവഴിച്ച് കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിൽ (നം.4/23-24, 17.07.2024) ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ പ്രസ്തുത സ്ഥാപനങ്ങൾക്ക് കത്ത് നൽകിയെങ്കിലും ആയത് ലഭിച്ചിട്ടില്ല എന്ന മറുപടിയാണ് സെക്രട്ടറി നൽകിയത്. ധന വിനിയോഗ രേഖകൾ, സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ 2,13,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ലൈഫ് ഭവന നിർമ്മാണം യഥാസമയം പൂർത്തീകരിക്കുന്നില്ല- പദ്ധതിപ്പണം പാഴാകുന്നു

ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നില്ല- പദ്ധതിപ്പണം പാഴാകുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| Soo78/23 | ലൈഫ് ഭവന നിർമ്മാണ പദ്ധതി | എസ്.സി.പി | 20,50,000 | 19,34,682 |
| | | സംസ്ഥാനാവിഷ്കൃത പദ്ധതി | 1,00,00,000 | 3,64,000 |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,00,00,000 | 13,80,000 |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 1,00,00,000 | 19,40,000 |
| | | മറ്റുള്ളവ | 1,00,00,000 | 60,80,000 |
| | | ആകെ | 4,20,50,000 | 1,49,74,682 |

2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പദ്ധതി വിഭാവനം ചെയ്തുകൊണ്ട് ഭവന നിർമ്മാണം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പരിശോധനയിൽ താഴെക്കൊടുക്കുന്ന പ്രകാരമുള്ള പട്ടികയിലെ വ്യക്തികൾ നാളിതുവരെ പദ്ധതി പൂർത്തിയാക്കിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരു വിവരം | പദ്ധതി വിഹിതം | കൈപ്പറ്റിയ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | നാണി താമരശ്ശേരിൽ, വള്ളികുന്നം | 4,00,000 | 3,00,000 | 100000 |
| 2 | പ്രജിൻ.പി കാവിന്റെ തെക്കേതിൽ, വള്ളികുന്നം | 4,00,000 | 3,60,000 | 40000 |
| 3 | അജയൻ | 4,00,000 | 40,000 | 360000 |

| | | | | |
|---|---|---|---|---|
| | അക്ഷയഭവൻ, പുത്തൻചന്ത | | | |
| 4 | കുമാരി<br>മണ്ണാടിത്തറയിൽ, വള്ളികുന്നം | 4,00,000 | 3,60,000 | 40000 |
| 5 | രാധ<br>ഇല്ലവടക്കേതിൽ, കടുവിനാൽ | 4,00,000 | 3,60,000 | 40000 |
| 6 | കൃഷ്ണൻകുട്ടി<br>ഭഗവതി അയ്യത്ത് കിഴക്കേതിൽ | 4,00,000 | 3,60,000 | 40000 |
| 7 | കൈരളി<br>ഹരിജൻ കോളനി, കടുവിനാൽ | 4,00,000 | 3,60,000 | 40000 |
| 8 | ഓമന<br>കോതകര കോളനി, താളിരാടി | 4,00,000 | 3,60,000 | 40000 |
| 9 | ചിഞ്ചു.ജി<br>പാലവിളയിൽ, താളിരാടി | 4,00,000 | 3,60,000 | 40000 |
| 10 | കുമാരി<br>പേരയ്ക്കത്തറററയിൽ തെക്കേമുറി | 4,00,000 | 3,60,000 | 40000 |
| 11 | രഞ്ജിത<br>സരോവരം, വള്ളികുന്നം | 4,00,000 | 3,00,000 | 100000 |
| 12 | സുനിത<br>വിത്തൂർ, കന്നിമേൽ | 4,00,000 | 3,60,000 | 40000 |
| 13 | ആനന്ദവല്ലി<br>കൊന്നേത്ത് കിഴക്കേതിൽ, കന്നിമേൽ | 4,00,000 | 3,60,000 | 40000 |
| 14 | കെ.ആർ.സുദർശനൻ<br>രാധാസദനം, കാരാഴ്മ | 4,00,000 | 2,00,000 | 200000 |
| 15 | ഗോവിന്ദൻ<br>കുരുമ്പോലിൽ കിഴക്കേതിൽ,ഇലപ്പിക്കുളം | 4,00,000 | 3,60,000 | 40000 |
| 16 | സുജാത | 4,00,000 | 2,00,000 | 200000 |

| | | | | |
|---|---|---|---|---|
| | കൈതക്കര പുത്തൻവീട്, വള്ളികുന്നം | | | |
| 17 | സുനിത<br>ഭഗവതി അയ്യത്ത് കിഴക്കേതിൽ, പുത്തൻചന്ത | 4,00,000 | 3,60,000 | 40000 |
| 18 | തങ്കക്കുട്ടി<br>മുളയ്ക്കുവിളയിൽ, തളാരാടി | 4,00,000 | 3,60,000 | 40000 |
| 19 | മധു.<br>മധു ഭവനം, വള്ളികുന്നം | 4,00,000 | 3,60,000 | 40000 |
| 20 | ദിവ്യ<br>അനിഴം, വള്ളികുന്നം | 4,00,000 | 3,60,000 | 40000 |
| 21 | തുളസി<br>ശ്രുതി വില്ല, തെക്കേമുറി | 4,00,000 | 40,000 | 360000 |
| 22 | അനുജ<br>കിച്ചുഭവനം, വള്ളികുന്നം | 4,00,000 | 2,00,000 | 200000 |
| 23 | വസന്ത<br>വിനിത വിഹാർ, കടുവുങ്കൽ | 4,00,000 | 40,000 | 360000 |
| 24 | ദീപ്തി<br>പുത്തൻവീട്, വള്ളികുന്നം | 4,00,000 | 40,000 | 360000 |
| 25 | രാധിണി<br>ഏണിവിള കിഴക്കേതിൽ, താളിരാടി | 4,00,000 | 40,000 | 360000 |

മേൽ ഗുണഭോക്താക്കൾ നിർദ്ദിഷ്ട കാലയളവിൽ പ്രവൃത്തി പൂർത്തയാക്കിയിട്ടില്ല. പദ്ധതി പ്രവർത്തനത്തിന്റെ ലക്ഷ്യം കൈവരിക്കാതെ പദ്ധതി തുക പാഴായിപ്പോകുന്ന അവസ്ഥ നിലനിൽക്കുന്നു. അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആനുകൂല്യം കൈപ്പറ്റിയ ശേഷം ഭവനനിർമ്മാണം നടത്താൻ വിസമ്മതിക്കുന്ന ഗുണഭോക്താക്കളിൽ നിന്നും അവർ കൈപ്പറ്റിയ തുക പലിശസഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-24 സർവെയലൻസ് ക്യാമറ വാങ്ങലിൽ സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള ക്വട്ടേഷൻ/ ടെൻഡർ നടപടി ക്രമങ്ങളിൽ വിഴ്ച വരുത്തി**

2023-24 സാമ്പത്തിക വർഷം വള്ളികുന്നം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് സർവ്വെലൻസ് ക്യാമറ വാങ്ങൽ എന്ന പ്രവൃത്തി നടത്തുകയുണ്ടായി. എന്നാൽ പ്രസ്തുത വാങ്ങൽ പ്രവൃത്തി സ്റ്റോർ പർച്ചേസ് മാനുവലിന് വിധേയമാക്കി മത്സരവും നീതിയും

ഉറപ്പാക്കുന്ന തരത്തിലായിരുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/പേര് | 199/2023 സർവെൽനസ് പ്രവർത്തനങ്ങൾ |
| ഫണ്ടിനം | ഹെൽത്ത് ഗ്രാന്റ് |
| അടങ്കൽ | 4,17,000 |
| ചെലവ് | 67,600 |
| സാങ്ക്ഷൻ നമ്പർ തീയതി | 388, 29.01.2024 |

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റിയുടെ 13.12.22 തീയതിയിലെ യോഗത്തിലാണ് ആശുപത്രിക്ക് ക്യാമറ വാങ്ങുന്നതിനുള്ള നിർദ്ദേശം ഉണ്ടായത്. ആശുപത്രിയിലെ സുരക്ഷാപ്രശ്നങ്ങൾ, മോഷണ ശ്രമങ്ങൾ, സാമൂഹ്യ വിരുദ്ധരുടെ കടന്നുകയറ്റം എന്നീ പ്രശ്നങ്ങൾ മുൻ നിർത്തിയാണ് വാങ്ങലിന് പ്രാധാന്യം നൽകിയത്.

പദ്ധതി രൂപീകരിച്ചതിന്റെ ഭാഗമായി 06.02.2023 തീയതിയിൽ ക്വട്ടേഷൻ പത്രപ്പരസ്യത്തിലൂടെ നൽകി. തുടർന്ന് ലഭിച്ച ക്വട്ടേഷനുകൾ 20.02.2023 ൽ കമ്മറ്റി പരിശോധിച്ച് ഏജൻസിയെ തെരഞ്ഞെടുക്കുകയുണ്ടായി.

ക്വട്ടേഷനിൽ പങ്കെടുത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ വിശദാംശം | ഇനം | നിരക്ക് |
|---|---|---|---|
| 1 | ഐ നെറ്റ് സിസ്റ്റംസ്, മണപ്പള്ളി, കരുനാഗപ്പള്ളി | ഹൈക്ക് വിഷൻ ഡി.എസ്-7168HqHI KIDVR 16CH Up To 4MP | 52695 |
| | ഐ നെറ്റ് സിസ്റ്റംസ്, മണപ്പള്ളി,കരുനാഗപ്പള്ളി | DAHUVA-DVR 16 CH Up To 4MP | 49600 |
| 2 | ഇൻഫോഫിക്സ് കമ്പ്യൂട്ടർ സെയിൽസ് ആന്റ് സർവ്വീസ്, കായംകുളം | ഹൈക്ക് വിഷൻ DVR 16CH | 53500 |
| 3 | ടെക് ടെക്നോളോജി, കായംകുളം | ഹൈക്ക് വിഷൻ DS-7168Hq HI-K1DVR 16CH UP To | 56490 |

| | | | |
|---|---|---|---|
| | | 4 MP | |

ടെൻഡർ/ക്വട്ടേഷൻ നടപടികൾ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന അപാകങ്ങൾ കാണുകയുണ്ടായി.

1) ടെൻഡർ/ക്വട്ടേഷൻ പരസ്യത്തിൽ കമ്പനികളുടെ ബ്രാന്റ് നെയിം ഉൾപ്പെടുത്തിയാണ് പരസ്യം നൽകിയത്. ക്യാമറയുടെ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തുന്നതിന് പകരം രണ്ട് കമ്പനികളുടെ ബ്രാന്റ് നെയിം ക്വട്ടേഷനിൽ ഉൾപ്പെടുത്തി ആയതിന്റെ വില പരസ്യത്തിലൂടെ ലഭ്യമാക്കുന്നതിനാണ് അധികൃതർ നടപടി സ്വീകരിച്ചത്. ദഹുവ, ഹൈക്ക് വിഷൻ എന്നീ ബ്രാന്റുകൾ ഏതു നിരക്കിൽ ലഭ്യമാക്കും എന്ന നിലയിലാണ് ക്വട്ടേഷൻ പരസ്യം നൽകിയത്. കമ്പനിയുടെ ബ്രാന്റ് നെയിം ഉൾപ്പെടുത്തി ക്വട്ടേഷൻ നടത്തിയത് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2) ലഭിച്ച ക്വട്ടേഷനുകളിൽ നിന്നും ഏറ്റവും കുറഞ്ഞ തുക കോട്ട് ചെയ്ത ഐ നെറ്റ് സിസ്റ്റംസ്, മണപ്പള്ളി, കരുനാഗപ്പള്ളി ലഭ്യമാക്കിയ DAHUVA ക്യാമറ ഉല്പന്നത്തെ വാങ്ങാതെ അതേ സ്ഥാപനം നൽകിയ കൂടിയ തുകയുടെ ക്വട്ടേഷനാണ് പരിഗണിച്ചത്. ഐ നെറ്റ് സിസ്റ്റംസ്, മണപ്പള്ളി, കരുനാഗപ്പള്ളി എന്ന സ്ഥാപനം നൽകിയ രണ്ട് ക്വട്ടേഷനുകളിൽ ഹൈക്ക് വിഷൻ ക്യാമറയ്ക്ക് 52,695 രൂപയും DAHUVA ക്യാമറയ്ക്ക് 49,600 രൂപയും കോട്ട് ചെയ്യുകയുണ്ടായി. മേൽ സ്ഥാപനത്തിൽ നിന്ന് 10 ക്യാമറകൾ വാങ്ങുകയുണ്ടായി. കുറഞ്ഞ തുക കോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ഉപകരണം വാങ്ങാതെ കൂടിയ തുക കോട്ട് ചെയ്ത ഉപകരണങ്ങൾ വാങ്ങിയതു വഴി അധികമായി തുക ചെലവഴിച്ചതായി പരിശോധനയിൽ ബോധ്യമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്വട്ടേഷൻ നൽകിയ സ്ഥാപനത്തിന്റെ പേര് | ഇനം | 10 ക്യാമറകളുടെ വില(10 എണ്ണം) |
|---|---|---|
| ഐ നെറ്റ് സിസ്റ്റംസ്, മണപ്പള്ളി, കരുനാഗപ്പള്ളി | ഹൈക്ക് വിഷൻ ഡി.എസ്-7168HqHI KIDVR 16CH Up To 4MP | 52695 |
| ഐ നെറ്റ് സിസ്റ്റംസ്, മണപ്പള്ളി, കരുനാഗപ്പള്ളി | DAHUVA-DVR 16 CH Up To 4MP | 49600 |

ഒരു ക്യാമറ വാങ്ങുന്നതിൽ തന്നെ കൃത്യമായി 3,095 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. അപ്രകാരം 10 ക്യാമറയ്ക്ക് 30,950 രൂപയുടെ അധിക ചെലവ് വാങ്ങലിൽ ഉണ്ടായിട്ടുണ്ട്.

സ്റ്റോർ പർച്ചേസ് മാനവൽ 2013 (ജി.ഒ.(പി) നം. 03/2013 /എസ്.പി.ഡി. തീയതി 21.06.2013 പ്രകാരം സാധന/ സേവന സമാഹരണത്തിൽ കാര്യക്ഷമത, മിതവ്യയത്വം, ഉത്തരവാദിത്വം എന്നിവ ഉറപ്പാക്കുവാൻ മാനവലിലെ മാനദണ്ഡങ്ങൾക്ക് വിധേയമാക്കണം എന്ന് ഖണ്ഡിക (1.3) ൽ പ്രതിപാദിക്കുന്നുണ്ട്. സാധന/സേവന സമാഹരണത്തിൽ സ്റ്റോർ പർച്ചേസ് മാനവൽ ഖണ്ഡിക (7.6)മുതൽ (7.31)വരെ പ്രകാരം ക്വട്ടേഷൻ/ ടെൻഡർ നടപടി പാലിച്ചിരിക്കണം എന്ന്

നിഷ്കർഷിച്ചിട്ടുണ്ട്. സ്റ്റോർ പർച്ചേസ് നിയമവും ചട്ടങ്ങളും ബന്ധപ്പെട്ട നിർദ്ദേശങ്ങളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും ബാധകമാണ് എന്നിരിക്കെ മേൽ സൂചിപ്പിച്ച സേവനസമാഹാരങ്ങൾക്ക് കുറഞ്ഞ തുക കോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതിന് കാരണം ഓഡിറ്റിനെ അടിയന്തിരമായി ബോധ്യപ്പെടുത്തുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-19/25.07.2024) ലഭ്യമാക്കിയ മറുപടിയിൽ ' മൂന്ന് ക്വട്ടേഷനുകളിലും ഹൈക് വിഷൻ ക്യാമറയുടെ ക്വട്ടേഷനുകളാണ് പൊതുവായി രേഖപ്പെടുത്തിയിരുന്നതെന്നും അവയിൽ ഏറ്റവും കുറഞ്ഞ നിരക്ക് അംഗീകരിക്കുകയായിരുന്നെന്നും ഹൈക് വിഷൻ ക്യാമറകൾക്ക് ഗുണ നിലവാരം കൂടുതലായതിനാലാണ് അവ തെരഞ്ഞെടുത്തത്" എന്നും മറുപടി നൽകി. എന്നാൽ DAHUA കമ്പനിയുടെ ക്യാമറകളുടെ ഗുണനിലവാരം നിർണ്ണയിച്ചതിന്റെ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ ക്ഷണിച്ചതിൽ ക്യാമറകളുടെ ബ്രാന്റ് കൂടി ക്വാട്ട് ചെയ്താണ് ടെന്റർ ക്ഷണിച്ചത്. ഈ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുമില്ല. 10 ക്യാമറയുടെ വാങ്ങലിൽ പർച്ചേസ് മാനുവൽ മാനദണ്ഡം പാലിക്കാതെ പോയത് കാരണം നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ വിവരിച്ച കാരണങ്ങളാൽ ക്യാമറ വാങ്ങുന്നതിന് അധികമായി ചെലവഴിച്ച തുകയായ 30,950 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

**1-25 പോത്ത് കുട്ടി വിതരണം- ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപമായി-ഗുണഭോക്താക്കൾക്ക് തിരികെ നൽകണം**

2023-24 സാമ്പത്തിക വർഷം വെറ്റിനറി സർജൻ മുഖേന നടപ്പാക്കിയ പോത്ത് കുട്ടി വിതരണം (ജനറൽ), (എസ് സി പി) പ്രോജക്ടുകൾ പ്രകാരം പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ തനത് ഫണ്ടിൽ ശേഷിയ്ക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ വിശദാംശങ്ങൾ | പോത്ത് കുട്ടി വിതരണം ജനറൽ (പ്രോജക്ട് നം. 76/24) |
| തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ | വികസന ഫണ്ട്- Rs.388441 (ബിൽ നം.J1//23.12.23- Rs. 98478<br>J3/23-24/23.12.23- Rs. 98478<br>J8-23-24/23.12.23-Rs. 98478<br>J9-23-24/23.12.23- Rs.93007) |

| | |
|---|---|
| പ്രോജക്ടിന്റെ വിശദാംശങ്ങൾ | പോത്ത് കുട്ടി വിതരണം എസ് സി പി (പ്രോജക്ട് നം. 133/24) |
| തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ | വികസന ഫണ്ട്- 147726(ബിൽ നം.J1//23.12.23-Rs. 82070 |

| | |
|---|---|
| | J4/23-24/23.12.23- Rs. 65656) |

1) മേൽ പ്രോജക്ടുകൾ പ്രകാരം ഒരു പോത്ത് കുട്ടിയ്ക്ക് 12,000 രൂപയാണ് യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിരുന്നത്. ജനറൽ പ്രോജക്ട് പ്രകാരം 116 ഗുണഭോക്താക്കളിൽ നിന്ന് 6,000 രൂപ വീതം ആകെ 6,96,000 രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്തിരുന്നു. എന്നാൽ ഒരു പോത്ത് കുട്ടിയ്ക്ക് 10,943 രൂപ വീതം ഇസ്മയിൽകുട്ടി എന്ന കരാറുകാരനിൽ നിന്ന് ലഭിച്ചിരുന്നു. ടി തുകയുടെ 50% ആയ 5,471 രൂപ വീതം സബ്സിഡി ഇനത്തിൽ കരാറുകാരന് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന തുകയായ 5,472 രൂപ വീതം 116 പേരുടെ ഗുണഭോക്തൃവിഹിതം ഇനത്തിൽ 6,34,752 രൂപയാണ് കരാറുകാരന് നൽകേണ്ടിയിരുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതമിനത്തിൽ 6,34,681 രൂപ (Rs. 388441-837/26.12.23, Rs.32832(ചെക്ക് നം. 2759/21.3.24,213408-3454/30.3.24) മാത്രമാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത 6,96,000 രൂപയിൽ ചെലവഴിക്കാതെ ബാക്കിയുള്ള 61,319 രൂപ(696000-634681) തനത് ഫണ്ടിൽ ശേഷിയ്ക്കുന്നു.

എസ് സി പി പ്രോജക്ട് പ്രകാരം 52 ഗുണഭോക്താക്കളിൽ നിന്ന് 3,000 രൂപ വീതം ആകെ 1,56,000 രൂപ ഗുണഭോക്തൃ വിഹിതമായി ഈടാക്കിയിരുന്നു. എന്നാൽ ഒരു പോത്ത് കുട്ടിയുടെ വിലയായ 10,943 രൂപയുടെ 75% തുകയായ 8207 രൂപ വീതം 52 ഗുണഭോക്താക്കളുടെ സബ്സിഡി തുക ഇനത്തിൽ കരാറുകാരന് നൽകിയിരുന്നു. ശേഷിയ്ക്കുന്ന 25% തുകയായ 2,736 രൂപ വീതം 1,42,272 രൂപ(52x2736) (35,568 രൂപ-ചെക്ക് നം.3454/30.3.24,106704 രൂപ-ചെക്ക് നം.2759/21.3.24) ഗുണഭോക്തൃ വിഹിതമിനത്തിലും കരാറുകാരന് നൽകിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത 1,56,000 രൂപയിൽ ചെലവഴിയ്ക്കാതെ ശേഷിയ്ക്കുന്ന 13,728 രൂപ(156000-142272) തനത് ഫണ്ടിൽ നിക്ഷേപമായി തുടരുന്നു. ഇപ്രകാരം രണ്ട് പ്രോജക്ടുകൾക്കുമായി പിരിച്ചെടുത്ത 75,047 രൂപ ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 1 3/22.7.2024) ലഭ്യമാക്കിയ മറുപടയിൽ ഗുണഭോക്താക്കളിൽ നിന്ന് ബാങ്ക് അക്കൗണ്ട് രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഗുണഭോക്തൃ വിഹിതം തിരികെ നൽകുന്നതാണെന്ന് മറുപടി ഹാജരാക്കി. ഗുണഭോക്താക്കളിൽ നിന്ന് അധികമായി ഈടാക്കിയ തുക അടിയന്തിരമായി തിരികെ നൽകി വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 സായംപ്രഭ ഹോം-സർക്കാർ അനുമതിയില്ലാതെ ഹെൽപ്പർ നിയമനം

പ്രോജക്ട് നം : 115/23
പ്രോജക്ടിന്റെ പേര് : സായംപ്രഭ ഹോം
ചെലവ് : 5,91,445(സാങ്ക്ഷൻ നം./തീയതി- 20/22.5.23, 54/30.6.23, 65/4.7.23, 76/7.7.23, 125/10.8.23, 220/7.11.23, 224/7.10.23, 225/7.11.23, 289/7.12.23)
നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐസിഡിഎസ് സൂപ്പർവൈസർ

വള്ളികുന്നം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന പകൽവീടിന്റെ നടത്തിപ്പിലേയ്ക്കായി മേൽ പ്രോജക്ട് പ്രകാരം 5,91,445/- രൂപ ചെലവഴിച്ചിട്ടുണ്ട്. പകൽവീടിന്റെ നിത്യചെലവുകൾക്കും കെയർടേക്കറുടെയും ഹെൽപ്പറുടെയും ശമ്പളത്തിനുമായാണ് ടി തുക ചെലവഴിച്ചത്. പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകത ചുവടെ ചേർക്കുന്നു

ജി.ഒ.(എം.എസ്.) നം.115/2022/ എൽ എസ് ജി ഡി / 28.05.2022 സബ്സിഡി മാർഗ്ഗ രേഖയുടെ

ഖണ്ഡിക 7.1.14-ൽ പകൽ വീട്, വയോജന പരിപാലന കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് അനുയോജ്യമായ തരത്തിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയോഗിയ്ക്കുവാനും പ്രതിമാസം 7,000/- രൂപയിൽ അധികമാകാതെ വേതനം നല്കുവാനും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ വള്ളികുന്നം ഗ്രാമപഞ്ചായത്തിൽ ടി പദ്ധതി നടപ്പാക്കിയപ്പോൾ ഒരു കെയർടേക്കറെയും,ഹെൽപ്പറെയും നിയമിയ്ക്കുകയും കെയർടേക്കർക്ക് 7,000/- രൂപയും, ഹെൽപ്പർക്ക് 5,000/-രൂപയും വീതം പ്രതിമാസം ശമ്പളം നൽകുകയും ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ഒരു കെയർടേക്കറെ മാത്രം നിയോഗിയ്ക്കാനാണ് നിർദ്ദേശിച്ചിരിയ്ക്കുന്നത് മേൽ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.8/19.07.24)യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പകൽ വീട്ടിൽ 15 ഗുണഭോക്താക്കളുണ്ടെന്നും അവരുടെ ശുശ്രൂഷയ്ക്കും, പ്രാഥമിക കാര്യങ്ങൾ ചെയ്യുന്നതിനും, തുടങ്ങി എല്ലാ പ്രവർത്തനങ്ങളിലും കെയർടേക്കറെ സഹായിയ്ക്കാൻ ഹെൽപ്പറുടെ സേവനം അത്യന്താപേക്ഷിതമായതിനാലാണ് 25.01.20-ലെ പഞ്ചായത്ത് കമ്മിറ്റിയിലെ 5-ാം നം. തീരുമാന പ്രകാരം ഒരു ഹെൽപ്പറെ നിയമിച്ചിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്, മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് ഉപരിയായി ഒരു താൽക്കാലിക ജീവനക്കാരനെ നിയമിയ്ക്കുമ്പോൾ അതിന് സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. കൂടാതെ പകൽ വീട് പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ ഹെൽപ്പറുടെ സാങ്ക്ഷൻഡ് പോസ്റ്റ് നിലവിലില്ല. ഇക്കാരണങ്ങളാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ഹെൽപ്പറുടെ 9 മാസത്തെ വേതനമിനത്തിൽ ചെലവഴിച്ച 45,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-27 മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കിയില്ല- ചെലവ് ശതമാനം 5.81 മാത്രം**

2023-24 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നടപ്പാക്കുന്നതിന് 53 പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയെങ്കിലും കേവലം 6 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. അവയിൽ തന്നെ രണ്ട് പ്രോജക്ടുകൾ തനത് ഫണ്ട് ചെലവഴിച്ച് നടപ്പാക്കിയ കണ്ടിജൻസി ചെലവുകൾ, വാഹന വാടക എന്നീ പ്രോജക്ടുകളാണ്. പദ്ധതികൾക്കായി ആകെ 4,44,91,926 രൂപ വകയിരുത്തിയിരുന്നെങ്കിലും 25,87,954 രൂപ മാത്രമാണ് ചെലവഴിച്ചത്. ചെലവ് ശതമാനം 5.81 മാത്രം. ആവിഷ്കരിച്ചതിനേക്കാൾ വളരെ കുറവ് എണ്ണം പദ്ധതികൾ നടപ്പാക്കിയതിനും ചെലവ് ശതമാനം കുറയാനിടയായതിനുമുള്ള കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/22.7.24) 17.1.2024 തീയതിയിലാണ് താൻ ഈ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചതെന്നും അത് വരെ പഞ്ചായത്തിൽ പുതിയ പ്രവൃത്തികളൊന്നും നിർവ്വഹണം തുടങ്ങിയിരുന്നില്ല എന്നും, 53 പ്രോജക്ടുകളിൽ 6 പ്രോജക്ടിന് സാങ്കേതിക അനുമതിയും 17 പ്രോജക്ടുകൾ ടെന്റർ ചെയ്യാനും 53 പ്രോജക്ടുകൾ സൈറ്റിൽ വർക്ക് ആരംഭിക്കാനും ഉണ്ടായിരുന്നുവെന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. കൂടാതെ ഇവയിൽ 11 പ്രോജക്ടുകൾ ടെന്റർ ചെയ്യുകയും 4 പ്രോജക്ടുകൾ സൈറ്റിൽ പ്രവൃത്തി നടപ്പിലാക്കുകയും അവയുടെ ബിൽ മാർച്ച് 25 ന് മുമ്പായി സമർപ്പിച്ചിട്ടും അവ ക്യൂ ബിൽ ആവുകയും ചെയ്തു എന്നും പ്രസ്തുത മറുപടിയിൽ ടിയാൾ വ്യക്തമാക്കി. സമയബന്ധിതമായി ടെന്റർ നടപടികൾ സ്വീകരിച്ച് പ്രവൃത്തികൾ ആരംഭിക്കാതിരുന്നത് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. അതിനാൽ മറുപടി തൃപ്തികരമല്ല. ഗ്രാമപഞ്ചായത്തിലെ പശ്ചാത്തല മേഖലയിലെ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കേണ്ടിയിരുന്നതും പൊതുജനത്തിന്

പ്രയോജനപ്പെടേണ്ടിയിരുന്നതുമായ തുകയാണ് ഇപ്രകാരം നഷ്ടപ്പെടാനിടയായത്. പദ്ധതി നിർവ്വഹണത്തിൽ ഇപ്രകാരമുള്ള അനാസ്ഥകൾ ഒഴിവാക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-28 ഹരിതകർമ്മസേന- അവലോകനം

### ഹരിത കർമ്മസേനയുടെ പ്രവർത്തനം

പതിനെട്ട് വാർഡുകളുള്ള വള്ളികുന്നം ഗ്രാമപ്പഞ്ചായത്തിലെ ആകെ ജനസംഖ്യ 37079 ആണ്. 8688 വീടുകളിലും 953 സ്ഥാപനങ്ങളിലും ഹരിത കർമ്മസേനയുടെ സേവനം നിലവിൽ ലഭ്യമാണ്. മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കിയിട്ടുണ്ട്. ഷെഡ്യൂൾ ചെയ്ത പ്രകാരം മാലിന്യ ശേഖരണം നടക്കുന്നുണ്ട്. വരുമാനവർദ്ധവിനായി അവധി ദിവസങ്ങളിൽ ഡോർലോക്ക് കളക്ഷൻ ഉൾപ്പടെയുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകുന്ന എല്ലാ സേവനങ്ങൾക്കും ഹരിത കർമ്മസേനയുടെ യൂസർഫീ അടവാക്കിയ രസീത് നിർബന്ധമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ ലൈസൻസ്, യൂസർഫീ കുടിശ്ശിക സഹിതം അടവാക്കിയെന്ന് ഉറപ്പാക്കിയതിന് ശേഷം മാത്രമേ നൽകുന്നുള്ളു. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, തൊഴിലുറപ്പ് സൈറ്റുകൾ എന്നിവിടങ്ങളിൽ യൂസർഫീ അടവാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും സ്ഥാപന ഉടമകളെയും വ്യാപാരി, വ്യവസായികളെയും യോഗത്തിൽ ക്ഷണിച്ച് ആവശ്യകത വിവരിക്കുന്നുമുണ്ട്. എന്നിട്ടും താഴെപ്പറയുന്ന വാർഡുകളിലെ കണക്കുകൾ പ്രകാരമുള്ള വീടുകളും സ്ഥാപനങ്ങളും ഇതുവരെയും പദ്ധതിയിൽ സഹകരിക്കുന്നില്ല.

| ക്രമ നമ്പർ | വാർഡ് | വീടുകൾ | കടകൾ |
|---|---|---|---|
| 1 | ചൂനാട് | 83 | 84 |
| 2 | ഇലപ്പിക്കുളം | 100 | 14 |
| 3 | വള്ളികുന്നം | 114 | 4 |
| 4 | പുത്തൻചന്ത | 93 | 7 |
| 5 | പടയണിവെട്ടം | 105 | 6 |
| 6 | പരിയാരത്തുകുളങ്ങര | 138 | 1 |
| 7 | മാലമേൽ ചന്ത | 101 | 7 |
| 8 | കടുവിനാൽ | 122 | 3 |
| 9 | കാഞ്ഞിരത്തിൻ മൂട് | 168 | 17 |
| 10 | തളിരാടി | 194 | 6 |
| 11 | കൊണ്ടോടിമുകൾ | 122 | 7 |
| 12 | കാമ്പിശ്ശേരി | 231 | 131 |
| 13 | തെക്കേമുറി | 152 | 0 |
| 14 | കന്നിമേൽ | 171 | 3 |
| 15 | വളച്ചാൽ | 68 | 9 |
| 16 | കടുവുങ്കൽ | 151 | 27 |
| 17 | കാരാഴ്മ | 206 | 10 |

| | | | |
|---|---|---|---|
| 18 | വട്ടക്കാട് | 45 | 18 |

മാലിന്യശേഖരണത്തിനുള്ള കലണ്ടർ അച്ചടിച്ച് എല്ലാ വീടുകളിലും നൽകിയിട്ടുണ്ട്. ടി കലണ്ടർ അനുസരിച്ച് മാലിന്യം ശേഖരിച്ചു വരുന്നു. വീടുകളിലുള്ള അജൈവ മാലിന്യം എല്ലാ മാസവും മുടക്കം കൂടാതെ ഹരിതകർമ്മസേനയ്ക്ക് നൽകണമെന്നും അവർക്കു യൂസർഫീ നൽകണമെന്നുമുള്ള അറിയിപ്പ് ഗ്രാമസഭകൾ വഴിയും, വാട്ട്സാപ്പ് ഗ്രൂപ്പുകൾ വഴിയും പൊതുജനങ്ങളിൽ എത്തിച്ചിട്ടുമുണ്ട്. ഹരിതകർമ്മ സേനയുമായി സഹകരിക്കാത്തവർക്ക് നോട്ടീസ് നൽകിയും ഫോൺ വഴിയും അറിയിപ്പു നൽകുകയും അവരുടെ തുടർന്നുള്ള സഹകരണം ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. വീടുകളിൽ നിന്നും ജൈവ - അജൈവ മാലിന്യം തരം തിരിച്ച് അജൈവമാലിന്യം ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നു. ശേഖരിക്കുന്ന മാലിന്യം പൂർണ്ണമായും എംസിഎഫിൽ എത്തിച്ച് തരം തിരിക്കുന്നു.

<u>ബോധവൽക്കരണ പ്രവർത്തനങ്ങൾ</u>

സർക്കാർ ഉത്തരവുകൾക്കനുസൃതമായി ഗ്രാമപഞ്ചായത്ത് നടത്തുന്ന മാലിന്യശേഖരണ സംസ്കരണ പ്രക്രിയകൾ ജനങ്ങളിലെത്തിക്കുന്നതിനായി തദ്ദേശസ്വയംഭരണസ്ഥാപനതലത്തിലും, വാർഡ് തലത്തിലും, കുടുംബശ്രീ മുഖേനയും വിവിധ ഘട്ടങ്ങളിലായി 58 ക്യാമ്പയിനുകൾ നടത്തിയിട്ടുണ്ട്.

<u>ഹരിതകർമ്മസേനയുടെ വരുമാനം</u>

ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം 36 ആണ്. ഇവർക്ക് ശരാശരി 9,236 രൂപ പ്രതിമാസ വേതനം ലഭിച്ചുവരുന്നു. വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കുന്നില്ല.

<u>മാലിന്യം നീക്കം ചെയ്യൽ</u>

പാതയോരങ്ങളിൽ നിന്നും തോടുകളിൽ നിന്നും നീക്കം ചെയ്തിട്ടുള്ള മാലിന്യം തരം തിരിക്കുന്നതിന് സാധിക്കാത്ത വിധം മലിനമായതിനാൽ ലെഗസി വേസ്റ്റ്, ക്ലീൻ കേരള കമ്പനിക്ക് നൽകി. ക്ലീൻ കേരള സമയബന്ധിതമായി മാലിന്യ ശേഖരണം നടത്തി വരുന്നുണ്ട്.

<u>മാലിന്യ സംസ്കരണം</u>

മാലിന്യ ശേഖരണ സൗകര്യം മാത്രമാണ് നിലവിൽ ഗ്രാമപഞ്ചായത്തിനുള്ളത്. സംസ്കരണം നടക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിൽ ഓരോ മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുള്ളതിലേക്ക് ട്രോളികളിൽ മാലിന്യം എത്തിക്കുകയാണ് ചെയ്യുന്നത്.മാലിന്യ നീക്കവുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.തൻവർഷം വേർതിരിച്ച 78.9 ടൺ മാലിന്യങ്ങൾ സി.കെ.സിയ്ക്ക് കൈമാറുകയും ഈ ഇനത്തിൽ 3,01,663 രൂപ ലഭ്യമായിട്ടുമുണ്ട്.

<u>നിയമലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ</u>

നിരോധിച്ച പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം, പ്ലാസ്റ്റിക് അലക്ഷ്യമായി വലിച്ചെറിയുക, കത്തിക്കുക മുതലായ ലംഘനങ്ങളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്. ഇതിലൂടെ 62,000 രൂപ പിഴ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

<u>പരിശീലനം</u>

അജൈവമാലിന്യം തരംതിരിക്കുന്നതിനുള്ള വിശദമായ ട്രെയിനിംഗ്, ക്ലീൻ കേരള കമ്പനി മുഖാന്തരം എല്ലാ ഹരിതകർമ്മസേനാംഗങ്ങൾക്കും 21.12.2022-ൽ നൽകിയിട്ടുണ്ട്. കൂടാതെ

ഹരിതമിത്രം ആപ്പ് ഉപയോഗിക്കുന്നതിന് കെൽട്രോൺ സ്റ്റാഫ് മുഖാന്തിരവും ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് മുഖാന്തിരവും നിരവധി ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട്. കൂടാതെ കുടുംബശ്രീ, ബ്ലോക്ക് പഞ്ചായത്ത് എന്നിവരുടെ ആഭിമുഖ്യത്തിൽ സംരഭക വികസന പരിശീലനവും നൽകി വരുന്നു.

<u>റിവ്യൂ മീറ്റിംഗ്</u>

എല്ലാ മാസവും ഹരിതകർമ്മസേനയുടെ പഞ്ചായത്ത് തല റിവ്യൂ നടത്താറുണ്ട്. ടി യോഗത്തിൽ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, സിഡിഎസ് ചെയർപേഴ്സൺ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ. എന്നിവർ പങ്കെടുത്തുവരുന്നു. എല്ലാ റിവ്യൂ മീറ്റിംഗുകളിലും പ്രവർത്തനത്തിലെ പോരായ്മകൾ ചൂണ്ടിക്കാട്ടി അവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ചർച്ചകളിലൂടെ തീരുമാനിക്കാറുണ്ട്.

<u>നിലനിൽക്കുന്ന പ്രശ്നങ്ങൾ</u>

ഹരിതകർമ്മസേനയുടെ പ്രവർത്തനം പ്രൊഫഷണൽ ലെവലിൽ എത്തിക്കുന്നതിന് തടസ്സങ്ങൾ നിലനിൽക്കുന്നതായി അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു. ഹരിതമിത്രം ക്യൂ. ആർ. കോഡ് സ്കാൻ ചെയ്യുന്നതിന് നിരവധി പരിശീലനം നൽകിയിട്ടും ചില അംഗങ്ങൾക്ക് അത് പഠിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ പല അംഗങ്ങളും മറ്റു തൊഴിലുകളിൽ കാലങ്ങളായി ഏർപ്പെട്ടിട്ടുള്ളവർ ആണ്. ആ തൊഴിൽ നിലനിർത്തിക്കൊണ്ടു തന്നെ ഹരിതകർമ്മസേനാ പ്രവർത്തനം നടത്തുന്നത് അവരുടെ പെർഫോമൻസിനെ ബാധിക്കുന്നുണ്ട്. കൃത്യനിഷ്ഠ പാലിച്ച് വാർഡുകളിൽ പോകുന്നതിന് ചില അംഗങ്ങൾക്ക് വ്യക്തിപരമായ പ്രശ്നങ്ങൾ കാരണം സാധിക്കാതെ വരുന്നുണ്ട്. ശേഖരിച്ച മാലിന്യം തരം തിരിക്കുക എന്ന പ്രവർത്തനം ആണ് മറ്റൊരു പ്രധാന വിഷയം. ഏതാനും അംഗങ്ങൾക്ക് മാലിന്യം തരംതിരിക്കുന്നതിൽ പ്രാവീണ്യം വളരെ കുറവായത് സേനയുടെ മൊത്തം പ്രകടനത്തെ ബാധിക്കുന്നുണ്ടെന്നും അറിയിച്ചു.

മാലിന്യം തരംതിരിക്കൽ, വാതിൽപ്പടി ശേഖരണം എന്നിവയിൽ പിറകിൽ നിൽക്കുന്ന വാർഡുകളിലേക്ക്, നന്നായി പ്രവർത്തിക്കുന്ന അംഗങ്ങളുടെ സേവനം കൂടി ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ബെയിലിംഗ്, ഷ്രെഡിംഗ് യൂണിറ്റുകൾ ഇല്ല. എംസിഎഫിൽ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ എല്ലാം ലഭ്യമാണ്. മുപ്പത് ശതമാനത്തോളം സ്ഥലം സോർട്ടിംഗ് ഏരിയയും ബാക്കി സ്ഥലം സാധനങ്ങൾ സൂക്ഷിക്കുന്നതിനും ഉപയോഗിക്കുന്നു. രണ്ടു മാസത്തെ വരെ പാഴ്‌വസ്തു ശേഖരം സൂക്ഷിക്കുവാൻ ഉള്ള സ്ഥലം ലഭ്യമാണ്. തൊഴിലാളികൾക്ക് ഫസ്റ്റ്-എയിഡ് ബോക്സ്, ഗ്ലൗസ് എന്നിവ നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

- മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. മാലിന്യ സംസ്കരണത്തിനായി വ്യക്തമായ പ്ലാൻ തയ്യാറാക്കൽ, പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം, യൂസർഫീ പിരിവ് മുതലായവ ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.
- ഉറവിട മാലിന്യ സംസ്കരണത്തിനായി ഗാർഹികതല സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. മാലിന്യമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ആവശ്യകതാ നിർണ്ണയ സർവെ നടത്തി, സബ്സിഡി നിരക്കിൽ

ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ചു ശേഖരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള പരിശോധന കർശനമാക്കേണ്ടതാണ്.

. സമയബന്ധിതമായും, കൃത്യമായ ഇടവേളകളിലും പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന സ്ഥാപനം മാലിന്യം ഏറ്റെടുക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

. പ്ലാസ്റ്റിക്കിന് ബദലായ ഉൽപന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

. ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് എല്ലാ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. മാലിന്യം സ്രോതസ്സിൽ നിന്ന് തന്നെ തരംതിരിച്ച് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

. പാഴ്വസ്തുക്കളുടെ ശേഖരണത്തിനും അവ എം.സി.എഫി ൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

. മാലിന്യ സംസ്കരണം, തരം തിരിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. മാലിന്യം വേർതിരിച്ച് ഏജൻസിക്ക് നൽകി വരുമാനം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

. യൂസർ ഫീ കൃത്യമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

. അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

. കൂടാതെ പൊതുജനങ്ങൾക്ക് പ്ലാസ്റ്റിക്ക് മാലിന്യ നിക്ഷേപത്തിനായി പരമാവധി ബിന്നുകൾ പൊതുനിരത്തിൽ സ്ഥാപിക്കേണ്ടതാണ്. എല്ലാ വാർഡുകളിലും ബിന്നുകൾ സ്ഥാപിക്കുന്നതിനും പൊതു ഇടങ്ങളിൽ സിസിടിവി സ്ഥാപിക്കുന്നതിനും പദ്ധതി രൂപീകരിക്കുക. 2024/25 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി, എംസിഎഫിനു മുൻവശം സിസിടിവി സ്ഥാപിക്കുക.

◦ പുനരുപയോഗം സാധ്യമല്ലാത്ത പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ പൂർണ്ണമായും പഞ്ചായത്ത് പരിധിക്കുള്ളിൽ നിരോധിച്ച് ബൈലോ പാസ്സാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 പദ്ധതി തുക ചെലവഴിക്കുന്നതിൽ വൻ വീഴ്ച

ഗ്രാമപഞ്ചായത്തിൽ പദ്ധതി തുക ചെലവഴിക്കുന്നതിൽ വൻ വീഴ്ച സംഭവിച്ചിട്ടുണ്ട്. ആകെ വകയിരുത്തിയ തുകയുടെ 30.65% തുക മാത്രമാണ് ചെലവഴിച്ചത്. ഇതിൽ തന്നെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ചെലവ് ശതമാനം കേവലം 5.81 മാത്രം.

വിവിധ മേഖലകളിൽ തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ.

ഉത്പാദന മേഖല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 98,11,650 | 15,73,300 | 11 | 5 | 32.59 |
| വെറ്ററിനറി സർജ്ജൻ | 23,79,600 | 15,09,922 | 5 | 4 | |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 25,50,000 | 17,21,683 | 2 | 2 | |
| ആകെ | 1,47,41,250 | 48,04,905 | 18 | 11 | |

സേവന മേഖല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കി പ്രോജക്ടുകളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 76,22,019 | 42,69,600 | 14 | 13 | 37.84% |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 22,25,000 | 21,79,988 | 9 | 9 | |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11,41,67,074 | 3,09,53,654 | 20 | 16 | |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1,09,92,875 | 69,87,840 | 15 | 11 | |
| സെക്രട്ടറി | 1,03,37,868 | 90,70,695 | 46 | 35 | |
| ഹെഡ്മാസ്റ്റർ | 10,17,240 | 7,74,538 | 3 | 3 | |
| അസിസ്റ്റന്റ് സെക്രട്ടറി | 31,64,670 | 23,55,852 | 12 | 3 | |
| ആകെ | 14,95,26,746 | 5,65,92,167 | | | |

പശ്ചാത്തല മേഖല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | സെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 4,44,91,926 | 25,87,954 | 52 | 6 | 5.81 |

പദ്ധതി നിർവ്വഹണ ചെലവ് ശതമാനത്തിലുണ്ടായ കുറവ് സംബന്ധിച്ച് എക്സിറ്റ് മീറ്റിംഗിൽ ചർച്ച നടത്തിയതിൽ സമയ ബന്ധിതമായി പ്രോജക്റ്റുകൾ പൂർത്തീകരിച്ച് ബിൽ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസവും ഫണ്ടിന്റെ ലഭ്യതക്കുറവുമാണ് കാരണമെന്ന് മെമ്പർമാർ അറിയിച്ചു. സമയ ബന്ധിതമായി പ്രോജക്റ്റുകൾ നടപ്പാക്കി വിവിധ മേഖലകളിലെ ചെലവ് ശതമാനം വർദ്ധിപ്പിക്കേണ്ടതും അത് വഴി സർക്കാർ തലത്തിൽ നിന്ന് ലഭിക്കേണ്ട ധന സഹായങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കാൻ സാധിക്കുകയും ചെയ്യും. വിഷയം ഭരണ സമിതിയുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 നികുതി നിർണ്ണയം പൂർത്തിയാക്കിയിട്ട് കാലങ്ങളേറെയായിട്ടും നികുതി അടയ്ക്കാതെ തുടരുന്ന കെട്ടിടങ്ങൾ-അധികൃതരുടെ അടിയന്തിര നടപടി അനിവാര്യം

ഗ്രാമപഞ്ചായത്ത് നികുതി നിർണ്ണയം നടത്തി കാലങ്ങളേറെയായിട്ടും വസ്തുനികുതി ഇനത്തിൽ നാളിതുവരെ നികുതി നൽകാതെ അവശേഷിക്കുന്ന ചില കെട്ടിടങ്ങളെ സംബന്ധിക്കുന്ന ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

I.സഞ്ജയ് കുമാർ

പുത്തൻ പുരയിൽ, ഇലപ്പിക്കുളം, വള്ളികുന്നം

അസസ്സമെന്റ് വർഷം-2020-ഒന്നാംഅർദ്ധ വാർഷികം.വസ്തു നികുതി നിരക്ക്@70/Sqft

| കടമുറി നം. | വിസ്തൃതി | നികുതി |
|---|---|---|
| 425 B | 34.9 | 2443 |
| 425 C | 34.9 | 2443 |
| 425 D | 45.9 | 3213 |
| 425 E | 34.9 | 2443 |
| 425 F | 34.9 | 2443 |
| 425 G | 70.43 | 4930 |
| 425 H | 103.62 | 7253.4 |
| 425 I | 84.59 | 5921 |
| 425 J | 126.9 | 8883 |
| | ആകെ | 39972.4 |

2.സലീംകുമാർ

അനിതരമന, ഇലപ്പിക്കുളം

അസസ്മെന്റ് വർഷം-2018 ഒന്നാംഅർദ്ധ വാർഷികം.വസ്തു നികുതി നിരക്ക്@70/Sqft

| കടമുറി നം. | വിസ്തൃതി | നികുതി |
|---|---|---|

| | | |
|---|---|---|
| 434A | 45.9 | 3213 |
| 434B | 45.9 | 3213 |
| 434C | 59.66 | 4176.2 |
| 434D | 78.3 | 5481 |
| 434E | 78.85 | 5519.5 |
| 434F | 34.9 | 2443 |
| 434G | 44.29 | 3100.3 |
| 434H | 45.21 | 3164.7 |
| 434 I | 45.23 | 3166.1 |
| 434J | 42.43 | 2970.1 |
| 434K | 30.41 | 2128.7 |
| | ആകെ | 38575.6 |

3.രവികുമാർ.

കല്ല്യാശ്ശേരിൽ, ഇലപ്പിക്കുളം

അസസ്മെന്റ് വർഷം-2019-ഒന്നാംഅർദ്ധ വാർഷികം.വസ്തു നികുതി നിരക്ക് 70/Sqft

| കടമുറി നം. | വിസ്തൃതി | നികുതി |
|---|---|---|
| 250A | 78.1 | 5467 |
| 250B | 78.1 | 5467 |
| 250C | 40.54 | 2838 |
| 250D | 15.1 | 1057 |
| 250E | 65.3 | 4571 |
| 250F | 65.3 | 4571 |
| 250G | 21.3 | 1491 |
| 250H | 21.4 | 1498 |
| 250I | 21.3 | 1491 |
| 250J | 21.55 | 1509 |
| 250K | 31.8 | 2226 |
| 250L | 63.2 | 4424 |
| 250M | 26.5 | 1855 |
| 250N | 24.45 | 1711.5 |
| 250O | 21.3 | 1491 |
| 250P | 22.1 | 1547 |
| 250Q | 21.5 | 1505 |
| 250R | 20.4 | 1428 |
| | ആകെ | 46147.5 |

മേൽ പട്ടിക പ്രകാരമുള്ള ഉടമകളുടെ കെട്ടിടങ്ങളുടെ അസസ്സ് ചെയ്ത വർഷം മുതൽ 2024-25 ഒന്നാം പാദവർഷമായിട്ടും നികുതി ഇനത്തിൽ ഒരു തവണ പോലും നികുതി അടയ്ക്കാതെ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഈ കെട്ടിട ഉടമകൾ നികുതി സംബന്ധിച്ച് തർക്കം ഉന്നയിച്ച് ഗ്രാമപഞ്ചായത്തിലോ കോടതിയിലോ പരാതി നൽകുകയോ നികുതിയുമായി ബന്ധപ്പെട്ട് മറ്റ് തർക്കങ്ങൾ ഉണ്ടാകുകയോ ചെയ്തിട്ടില്ല. മേൽ പറഞ്ഞ 3 കടയുടമകളിൽ നിന്ന് മാത്രമായി തന്നെ 1,24,695.5 ഈടാക്കാൻ അവശേഷിക്കുന്നു. ടി തുക അതാത് കെട്ടിട ഉടമകളിൽ

നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത്തരം നികുതി അടയ്ക്കാൻ അവശേഷിക്കുന്ന തരത്തിലുള്ള മറ്റ് കെട്ടിടങ്ങൾ ഉണ്ടോയെന്ന് പരിശോധിച്ച് നികുതി ഈടാക്കാനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തി അവരിൽ നിന്ന് ഈടാക്കി ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സർവെയലൻസ് ക്യാമറ വാങ്ങലിൽ സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള ക്വട്ടേഷൻ/ ടെൻഡർ നടപടി ക്രമങ്ങളിൽ വിഴ്ച വരുത്തി

2023-24 സാമ്പത്തിക വർഷം വള്ളികുന്നം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് സർവ്വെലൻസ് ക്യാമറ വാങ്ങൽ എന്ന പ്രവൃത്തി നടത്തുകയുണ്ടായി. എന്നാൽ പ്രസ്തുത വാങ്ങൽ പ്രവൃത്തി സ്റ്റോർ പർച്ചേസ് മാനുവലിന് വിധേയമാക്കി മത്സരവും നീതിയും ഉറപ്പാക്കുന്ന തരത്തിലായിരുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/പേര് | 199/2023 സർവെൽനസ് പ്രവർത്തനങ്ങൾ |
| ഫണ്ടിനം | ഹെൽത്ത് ഗ്രാന്റ് |
| അടങ്കൽ | 4,17,000 |
| ചെലവ് | 67,600 |
| സാങ്ക്ഷൻ നമ്പർ തീയതി | 388, 29.01.2024 |

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റിയുടെ 13.12.22 തീയതിയിലെ യോഗത്തിലാണ് ആശുപത്രിക്ക് ക്യാമറ വാങ്ങുന്നതിനുള്ള നിർദ്ദേശം ഉണ്ടായത്. ആശുപത്രിയിലെ സുരക്ഷാപ്രശ്നങ്ങൾ, മോഷണ ശ്രമങ്ങൾ, സാമൂഹ്യ വിരുദ്ധരുടെ കടന്നുകയറ്റം എന്നീ പ്രശ്നങ്ങൾ മുൻ നിർത്തിയാണ് വാങ്ങലിന് പ്രാധാന്യം നൽകിയത്.

പദ്ധതി രൂപീകരിച്ചതിന്റെ ഭാഗമായി 06.02.2023 തീയതിയിൽ ക്വട്ടേഷൻ പത്രപ്പരസ്യത്തിലൂടെ നൽകി. തുടർന്ന് ലഭിച്ച ക്വട്ടേഷനുകൾ 20.02.2023 ൽ കമ്മറ്റി പരിശോധിച്ച് ഏജൻസിയെ തെരെഞ്ഞെടുക്കുകയുണ്ടായി.

ക്വട്ടേഷനിൽ പങ്കെടുത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ വിശദാംശം | ഇനം | നിരക്ക് |
|---|---|---|---|
| 1 | ഐ നെറ്റ് സിസ്റ്റംസ്, | ഹൈക്ക് വിഷൻ | 52695 |

| | | | |
|---|---|---|---|
| | മണപ്പള്ളി, കരുനാഗപ്പള്ളി | ഡി.എസ്-7168HqHI KIDVR 16CH Up To 4MP | |
| | ഐ നെറ്റ് സിസ്റ്റംസ്, മണപ്പള്ളി, കരുനാഗപ്പള്ളി | DAHUVA-DVR 16 CH Up To 4MP | 49600 |
| 2 | ഇൻഫോഫിക്സ് കമ്പ്യൂട്ടർ സെയിൽസ് ആന്റ് സർവ്വീസ്, കായംകുളം | ഹൈക്ക് വിഷൻ DVR 16CH | 53500 |
| 3 | ടെക് ടെക്നോളോജി, കായംകുളം | ഹൈക്ക് വിഷൻ DS-7168Hq HI-K1DVR 16CH UP To 4 MP | 56490 |

ടെൻഡർ/ക്വട്ടേഷൻ നടപടികൾ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന അപാകങ്ങൾ കാണുകയുണ്ടായി.

1) ടെൻഡർ/ക്വട്ടേഷൻ പരസ്യത്തിൽ കമ്പനികളുടെ ബ്രാന്റ് നെയിം ഉൾപ്പെടുത്തിയാണ് പരസ്യം നൽകിയത്. ക്യാമറയുടെ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തുന്നതിന് പകരം രണ്ട് കമ്പനികളുടെ ബ്രാന്റ് നെയിം ക്വട്ടേഷനിൽ ഉൾപ്പെടുത്തി ആയതിന്റെ വില പരസ്യത്തിലൂടെ ലഭ്യമാക്കുന്നതിനാണ് അധികൃതർ നടപടി സ്വീകരിച്ചത്. ദഹുവ, ഹൈക്ക് വിഷൻ എന്നീ ബ്രാന്റുകൾ ഏതു നിരക്കിൽ ലഭ്യമാക്കും എന്ന നിലയിലാണ് ക്വട്ടേഷൻ പരസ്യം നൽകിയത്. കമ്പനിയുടെ ബ്രാന്റ് നെയിം ഉൾപ്പെടുത്തി ക്വട്ടേഷൻ നടത്തിയത് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2)ലഭിച്ച ക്വട്ടേഷനുകളിൽ നിന്നും ഏറ്റവും കുറഞ്ഞ തുക കോട്ട് ചെയ്ത ഐ നെറ്റ് സിസ്റ്റംസ്, മണപ്പള്ളി, കരുനാഗപ്പള്ളി ലഭ്യമാക്കിയ DAHUVA ക്യാമറ ഉല്പന്നത്തെ വാങ്ങാതെ അതേ സ്ഥാപനം നൽകിയ കൂടിയ തുകയുടെ ക്വട്ടേഷനാണ് പരിഗണിച്ചത്. ഐ നെറ്റ് സിസ്റ്റംസ്, മണപ്പള്ളി, കരുനാഗപ്പള്ളി എന്ന സ്ഥാപനം നൽകിയ രണ്ട് ക്വട്ടേഷനുകളിൽ ഹൈക്ക് വിഷൻ ക്യാമറയ്ക്ക് 52,695 രൂപയും DAHUVA ക്യാമറയ്ക്ക് 49,600 രൂപയും കോട്ട് ചെയ്യുകയുണ്ടായി. മേൽ സ്ഥാപനത്തിൽ നിന്ന് 10 ക്യാമറകൾ വാങ്ങുകയുണ്ടായി. കുറഞ്ഞ തുക കോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ഉപകരണം വാങ്ങാതെ കൂടിയ തുക കോട്ട് ചെയ്ത ഉപകരണങ്ങൾ വാങ്ങിയതു വഴി അധികമായി തുക ചെലവഴിച്ചതായി പരിശോധനയിൽ ബോധ്യമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്വട്ടേഷൻ നൽകിയ സ്ഥാപനത്തിന്റെ പേര് | ഇനം | 10 ക്യാമറകളുടെ വില(10 എണ്ണം) |
|---|---|---|
| ഐ നെറ്റ് സിസ്റ്റംസ്, മണപ്പള്ളി, | ഹൈക്ക് വിഷൻ ഡി.എസ്- | 52695 |

| | | |
|---|---|---|
| കരുനാഗപ്പള്ളി | 7168HqHI KIDVR 16CH Up To 4MP | |
| ഐ നെറ്റ് സിസ്റ്റംസ്, മണപ്പള്ളി, കരുനാഗപ്പള്ളി | DAHUVA-DVR 16 CH Up To 4MP | 49600 |

ഒരു ക്യാമറ വാങ്ങുന്നതിൽ തന്നെ കൃത്യമായി 3,095 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. അപ്രകാരം 10 ക്യാമറയ്ക്ക് 30,950 രൂപയുടെ അധിക ചെലവ് വാങ്ങലിൽ ഉണ്ടായിട്ടുണ്ട്.

സ്റ്റോർ പർച്ചേസ് മാന്വൽ 2013 (ജി.ഒ.(പി) നം. 03/2013 /എസ്.പി.ഡി. തീയതി.21.06.2013 പ്രകാരം സാധന/ സേവന സമാഹരണത്തിൽ കാര്യക്ഷമത, മിതവ്യയത്വം, ഉത്തരവാദിത്വം എന്നിവ ഉറപ്പാക്കുവാൻ മാന്വലിലെ മാനദണ്ഡങ്ങൾക്ക് വിധേയമാക്കണം എന്ന് ഖണ്ഡിക (1.3) ൽ പ്രതിപാദിക്കുന്നുണ്ട്. സാധന/സേവന സമാഹരണത്തിൽ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക (7.6)മുതൽ (7.31)വരെ പ്രകാരം ക്വട്ടേഷൻ/ ടെൻഡർ നടപടി പാലിച്ചിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സ്റ്റോർ പർച്ചേസ് നിയമവും ചട്ടങ്ങളും ബന്ധപ്പെട്ട നിർദ്ദേശങ്ങളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും ബാധകമാണ് എന്നിരിക്കെ മേൽ സൂചിപ്പിച്ച സേവനസമാഹാരങ്ങൾക്ക് കുറഞ്ഞ തുക കോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതിന് കാരണം ഓഡിറ്റിനെ അടിയന്തിരമായി ബോധ്യപ്പെടുത്തുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-19/25.07.2024) ലഭ്യമാക്കിയ മറുപടിയിൽ ‘ മൂന്ന് ക്വട്ടേഷനുകളിലും ഹൈക് വിഷൻ ക്യാമറയുടെ ക്വട്ടേഷനുകളാണ് പൊതുവായി രേഖപ്പെടുത്തിയിരുന്നതെന്നും അവയിൽ ഏറ്റവും കുറഞ്ഞ നിരക്ക് അംഗീകരിക്കുകയായിരുന്നെന്നും ഹൈക് വിഷൻ ക്യാമറകൾക്ക് ഗുണ നിലവാരം കൂടുതലായതിനാലാണ് അവ തെരഞ്ഞെടുത്തത്” എന്നും മറുപടി നൽകി. എന്നാൽ DAHUA കമ്പനിയുടെ ക്യാമറകളുടെ ഗുണനിലവാരം നിർണ്ണയിച്ചതിന്റെ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ ക്ഷണിച്ചതിൽ ക്യാമറകളുടെ ബ്രാന്റ് കൂടി ക്വാട്ട് ചെയ്താണ് ടെന്റർ ക്ഷണിച്ചത്. ഈ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുമില്ല. 10 ക്യാമറയുടെ വാങ്ങലിൽ പർച്ചേസ് മാനുവൽ മാനദണ്ഡം പാലിക്കാതെ പോയത് കാരണം നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ വിവരിച്ച കാരണങ്ങളാൽ ക്യാമറ വാങ്ങുന്നതിന് അധികമായി ചെലവഴിച്ച തുകയായ 30,950 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 13,80,000 | ലൈഫ് ഭവന പദ്ധതി എസ്.സി.പി. | 13,80,000 | 0 |
| | | 8,40,000 | ലൈഫ് ഭവന പദ്ധതി ജനറൽ | 8,40,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 5,60,000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് ബത്ത | 5,60,000 | 0 |
| | | 4,20,013 | പാലിന് സബ്സിഡി ജനറൽ | 4,20,013 | 0 |
| | | 3,56,000 | നെൽകൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി | 3,56,000 | 0 |
| | | 1,99,997 | സാന്ത്വന പരിചരണ പദ്ധതി | 1,99,997 | 0 |
| | | 1,50,000 | അങ്കണവാടി പോഷകാഹാരം | 1,50,000 | 0 |
| | | 52,651 | അങ്കണവാടി പോഷകാഹാരം എസ്.സി. | 52,651 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 19,40,000 | ലൈഫ് ഭവന പദ്ധതി എസ്.സി.പി. | 19,40,000 | 0 |
| | | 8,00,000 | നെൽകൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി | 8,00,000 | 0 |
| | | 3,50,000 | പാലിന് സബ്സിഡി ജനറൽ | 3,50,000 | 0 |
| | | 2,96,910 | ഹരിതകർമ്മസേനയ്ക്ക് ട്രോളി | 2,96,910 | 0 |
| | | 2,50,000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് ബത്ത | 2,50,000 | 0 |
| | | 1,38,500 | അങ്കണവാടി പോഷകാഹാരം | 1,38,500 | 0 |

**4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഇല്ല

**4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-4 വായ്പ / വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക(രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ(രൂപ) | പലിശ (രൂപ) | |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | ലഭ്യമല്ല. | 81,40,000 (തൻ വർഷത്തിൽ വായ്പ ഇനത്തിൽ വരവ് വന്നത്.) | 1,28,96,601 | 22,33,574 | - | 1,88,03,027 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2014-15 | 4.1.15 | നിഷ്ക്രിയാസ്തി സംബന്ധിച്ച് | ആസ്തി പ്രവർത്തനക്ഷമം ആക്കിയിട്ടുണ്ട് |
| 2015-16 | 2.2 | തൊഴിൽ നികുതിയിലെ അപാകത | ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള മുത്തൂറ്റ് ഒഴികെയുള്ള സ്ഥാപനങ്ങൾ തുക അടച്ചു. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,20,43,460 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,26,61,255 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,24,695.5. |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30,950 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,92,870 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 1,24,695.5 | | ശ്രീ.ബിജു കെ.പി. സെക്രട്ടറി |
| 3-1 | | 30,950 | ശ്രീ ആനന്ദ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| ആകെ | 1,24,695.5 | 30,950 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയുടെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയുടെ പേര് |
|---|---|---|
| 1-16 | 35,700 | ശ്രീ.നിഖിൽ ആർ.പിള്ള, കൃഷി ഓഫീസർ |
| 1-18 | 3,94,000 | ശ്രീ.ബിജു കെ.പി., സെക്രട്ടറി |
| 1-19 | 2,05,170 | ഡോ.നീലി നായർ, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 1-22 | 2,13,000 | ശ്രീ.ബിജു കെ.പി., സെക്രട്ടറി |
| 1-26 | 45,000 | ശ്രീമതി ശ്രീലേഖ, ഐ സി ഡി എസ് സൂപ്പർവൈസർ |
| ആകെ | 8,92,870 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീ.നിഖിൽ ആർ.പിള്ള കൃഷി ഓഫീസർ | കൃഷി ഓഫീസർ വള്ളികുന്നം ഗ്രാമപഞ്ചായത്ത് | ശ്രീശൈലം, കണ്ണനാകുഴി പി.ഒ. ചാരുംമൂട് |
| ശ്രീ.ബിജു കെ.പി. സെക്രട്ടറി | സെക്രട്ടറി വള്ളികുന്നം ഗ്രാമപഞ്ചായത്ത് | അഭിരാമം പുതിയവിള പി.ഒ., കായംകുളം |
| ഡോ.നീലി നായർ ആയുർവേദ മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പൻസറി, റാന്നി | കണ്ടിലേത്ത് വീട്, ഇലിപ്പക്കുളം, വള്ളികുന്നം |
| ഡോ.ആനന്ദ് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., വള്ളികുന്നം | ശ്യാമംഗലത്ത്, ഹരിപ്പാട് പി.ഒ. |
| ശ്രീമതി ശ്രീലേഖ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വള്ളികുന്നം ഗ്രാമപഞ്ചായത്ത് | പറങ്കാംവിളയിൽ, ആനയടി പി.ഒ. |

## **4-10** തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-1999 (ചെലവ്) | എൽ.എഫ്. ജി. എ5-1832/11 തീയതി 03.02.2012 (ഓഡിറ്റ് അദാലത്ത്) |
| 2003-04 | എൽ.എഫ്.ജി.എ.5-1832/11 തീയതി 02.02.2012 (ഓഡിറ്റ് അദാലത്ത്) |
| 2006-07 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023(ഓഡിറ്റ് അദാലത്ത്) |
| 2007-08 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023(ഓഡിറ്റ് അദാലത്ത്) |
| 2008-09 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023 (ഓഡിറ്റ് അദാലത്ത്) |
| 2009-10 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023 (ഓഡിറ്റ് അദാലത്ത്) |
| 2010-11 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023 (ഓഡിറ്റ് അദാലത്ത്) |

| | |
|---|---|
| 2011-12 മുതൽ 2012-13 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023 |
| 2013-14 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023 |
| 2014-15 | നം.കെ.എസ്.എ-എ.എൽ.പി/പി.6-659/16 തീയതി: 04.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023 |
| 2016-17 | നം.കെ.എസ്.എ-എ.എൽ.പി/പി.6-1386/17 തീയതി: 13.11.2017 |
| 2017-18 | കെ.എസ്.എ/എ.എൽപി/പി6/1551/2018 തീയതി 23.11.2018 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി.6/1587/2022 തീയതി 2.05.2023 |
| 2019-20 | കെ.എസ്.എ/എ.എൽപി/പി6/914/2021 തീയതി 24.02.2022 |
| 2020-21 | കെ.എസ്.എ/എ.എൽപി/പി6/915/2021 തീയതി 24.02.2022 |
| 2021-22 | കെ.എസ്.എ/എ.എൽപി/പി6/252/2023 തീയതി 29.03.2023 |
| 2022-23 | കെ.എസ്.എ-എ.എൽ.പി./പി 6-1377/2023, തീയതി: 20.12.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 20-05-2024 and submitted on 20-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Vallikkunnam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Vallikkunnam Grama Panchayat as on 31-03-2024

**Date: 23/09/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Vallikkunnam Grama Panchayat for the Year 2023-2024.

### 1.Major Observations

NIL

### 2.Other Observations

1) Accumulated depreciation of vehicle, roads & bridges are not correct. Total value of depreciation of vehicle is more than the total asset value.
2) Value of receivables in 31.3.2023 balance sheet in the head 431120102 is less than the receipt of this head in this year.

3) Ratios, Nots to accounts are not submited with AFS.
4) The supporting documents to clarify the entries in Prior Period Items are not submited in audit.
5) Water charge remited in KWA wrongly included as advance in AFS. So asset value increased.
6) Asset register is not updated, So the total fixed asset value cannot be assesed.
7) Since the DCB is not enterd in the registers of auction, rent, professional tax(institution)etc so the accurasy of entries in Balance sheet, R&P statements cannot be verified.

Deputy Director

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്